

# മലയാള കവിത സമകാലികം

എഡിറ്റർ

ഒ ബി ശ്രീദേവി

MYTHRI

# അകതാളുകളിൽ


അടിത്തട്ടിലെ അനക്കങ്ങൾ
(സമകാലിക മലയാളകവിതയുടെ ഭാവമണ്ഡലം)
– ഡോ. രാധാകൃഷ്ണൻ ഇളയിടത്ത് 14

1. സിദ്ധാർഥനും അണ്ണാറക്കണ്ണനും – സച്ചിദാനന്ദൻ 37
2. സിംഹം – കെ.ജി. ശങ്കരപ്പിള്ള 40
3. അച്ഛനും മകളും – കൽപ്പറ്റ നാരായണൻ 41
4. ആശാൻപള്ളി – ശ്രീകുമാരൻതമ്പി 46
5. നീലത്താമര – ഏഴാച്ചേരി രാമചന്ദ്രൻ 48
6. ചില സ്ഥലങ്ങൾ – കുരീപ്പുഴ ശ്രീകുമാർ 50
7. വ്യാധിസ്തുതി – ദേശമംഗലം രാമകൃഷ്ണൻ 53
8. തിരിച്ചടവ് – പ്രഭാവർമ്മ 55
9. സുഗതയ്ക്ക് യാത്രാമൊഴി – കെ.വി. രാമകൃഷ്ണൻ 56
10. മോചനയാത്ര – ശ്രീധരനുണ്ണി 57
11. പരാജയപ്പെട്ട അച്ഛൻ – രാവുണ്ണി 58
12. അമ്മയെ കുളിപ്പിക്കുമ്പോൾ – സാവിത്രി രാജീവൻ 59
13. ഉപ്പിലിട്ടത് – റഫീഖ് അഹമ്മദ് 61
14. വീട് അലമാര – അൻവർ അലി 62
15. യമൻ കല്യാൺ – ആലങ്കോട് ലീലാകൃഷ്ണൻ 64
16. ഏതോ പുഴയുടെ ഏതോ ദിവസം
– പി.എൻ ഗോപീകൃഷ്ണൻ 66
17. അനക്കം – വി.എം. ഗിരിജ 69
18. അശരീരികൾ – പി.പി, രാമചന്ദ്രൻ 70
19. സൂര്യക്കാല് – പി. രാമൻ 72
20. രാത്രിജീവിതം – എം.ആർ. രേണുകുമാർ 73
21. മുറ്റമടിക്കുമ്പോൾ – അനിതാ തമ്പി 75
22. പ്രണയശേഷം – വി.ജി. തമ്പി 76
23. വിസ്മയം – ഒ.വി. ഉഷ 78
24. ഐഡന്റിറ്റി – സെബാസ്റ്റ്യൻ 79
25. നരകത്തിൽ – എസ്. ജോസഫ് 80
26. ഇരുട്ടിൽ ഒരൊറ്റക്കാക്ക – റോസ്മേരി 82
27. ഒൻപതിതൾ വിനായകം – കുഴൂർ വിൽസൻ 85
28. അപരിചിത വൻകര – മ്യൂസ്മേരി 87
29. കാറ്റിനാൽ – വീരാൻകുട്ടി 89
30. പഴുതുകൾ – ശിവദാസ് പുറമേരി 90
31. കടൽക്കുരുക്ക് – പവിത്രൻ തീക്കുനി 91
32. ബുദ്ധനും കൊതുകും – പി.എം. നാരായണൻ 92
33. ഒരു കടലുണ്ടുള്ളിൽ – കെ.വി. സുമിത്ര 93
34. കഥ, ജീവിതം – മണമ്പൂർ രാജൻബാബു 94
35. പൂർവം – ഷീജ വക്കം 95
36. പ്രണയമുന്തിരികൾ – നവീന പുതിയോട്ടിൽ 96
37. കവിത വഴിതിരിയുന്ന ചിലവളവുകളിൽ
– സംഗീത ചേനംപുല്ലി 97
38. പൂട്ട് – മനോജ് കുറൂർ 98
39. ചാട്ടവാറും മുതുകും – പി.എ. നാസിമുദ്ദീൻ 100
40. രാജ്യം അയാളുടെ തെരഞ്ഞെടുപ്പല്ല! – വി.വി. ഷാജു 101
41. ചൂയിങ്ഗം – അസീം താന്നിമൂട് 104
42. പ്രതിമ – സോമൻ കടലൂർ 106
43. ചെറുനാരങ്ങ – സച്ചിദാനന്ദൻ പുഴങ്കര 107
44. കിണറ്റിൻകര – ഡി. അനിൽകുമാർ 108
45. വിവർത്തനം – ശ്രീജിത്ത് അരിയല്ലൂർ 109
46. നാക്കു പരിചയിക്കിന്റ മൃഗ – സുകുമാർ ചാലിഗദ്ധ 110
47. ആണും ആണും – വിമീഷ് മണിയൂർ 112
48. സിലസ്റ്റീന (92) – ഡോ. എൽ.തോമസുകുട്ടി 113
49. ചാമ്പുപൈപ്പ് – വിജയരാജ മല്ലിക 117
50. പ്രേതബാധിതരുടെ ആകാശം – എം. സങ് 118
51. കണ്ണാടി – അമ്മുദീപ 120
52. പ്രതി+ബിംബം – രാ പ്രസാദ് 121
53. ഛെ! – ഒ.പി. സുരേഷ് 123
54. പെറ്റോടം – രാഹുൽ മണപ്പാട്ട് 125
55. കണ്ടിട്ടുണ്ടോ നിങ്ങൾ – ഡോണ മയൂര 127
56. കത്താരി – ശിവലിംഗൻ 128
57. സന്മാർഗധ്വംസകരോട് പൂനിലാവാകാശം ചെയ്തത്
– വി.ടി. ജയദേവൻ 130
58. ഇണ – റോസി തമ്പി 131



**ഡോ. രാധാകൃഷ്ണൻ ഇളയിടത്ത്**
**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി**

# അടിത്തട്ടിലെ അനക്കങ്ങൾ
## സമകാലിക മലയാളകവിതയുടെ ഭാവമണ്ഡലം

ഈ സമാഹാരത്തിലെ തെരഞ്ഞെടുത്ത കവിതകളെക്കുറിച്ചുള്ള വിവരണാത്മകമായ ആലോചന മാത്രമാണ് ഈ എഴുത്ത്. കവിതകളിൽ കടന്നുവരുന്ന പൊതുപ്രമേയങ്ങളെയും, പ്രവണതകളെയും ആധാരമാക്കി ഈ എഴുത്തിലും പ്രമേയങ്ങളെ വർഗീകരിച്ചിട്ടുണ്ട്. ഓരോ പ്രമേയത്തിനു കീഴിലും അവതരിപ്പിച്ച രചനകൾ അവിടെമാത്രം പരിഗണിക്കാവുന്നതാണ് എന്ന് കരുതേണ്ടതില്ല. വിവരണ സൗകര്യത്തിന് അങ്ങനെ ചെയ്തു എന്നേ കരുതേണ്ടൂ. എണ്ണവും ഗുണവുംകൊണ്ട് സമ്പന്നമാണ് ഈ സമാഹാരം. മലയാളത്തിലെ മുതിർന്ന കവികളും തുടർതലമുറകളിലെ ശ്രദ്ധേയരും ഇവിടെ ഒന്നുചേരുന്നു. പലരുടെയും കാര്യത്തിൽ മുൻപ് പ്രസിദ്ധീകരിക്കപ്പെട്ടതോ, ശ്രദ്ധിക്കപ്പെട്ടതോ ആയ കവിതകളാണ് ഇവ. എന്നാൽ തീർത്തും പുതിയ കവിതകളും കുറവല്ല. എഴുതിത്തുടങ്ങുന്ന ചിലരും സമാഹാരത്തിലുണ്ട്. സമകാലികം എന്ന വാക്കിന് പല അർത്ഥവിവക്ഷകളുണ്ടെങ്കിലും, മേൽസൂചിപ്പിച്ച പ്രേരണകളാൽ നിർണയിക്കപ്പെട്ടുകൊണ്ടാണ് ഈ സമാഹാരത്തിൽ 'സമകാലികത' സംഭവിക്കുന്നത് എന്ന് പറയാം. കവിതയെ ശ്രദ്ധാപൂർവം പിൻതുടരുന്ന വായനക്കാരുടെ കൈകളിലേക്ക് ഒരുപാടു കവികൾ ഒരുമിച്ചെത്തുന്നു. വായനക്കാരെ സഹായിക്കുന്നതിനുള്ള പ്രമേയനിഷ്ഠമായ പരിചയപ്പെടുത്തലും, എളിയ നോട്ടങ്ങളും മാത്രമേ ആമുഖമായ ഈ എഴുത്തിൽ പ്രതീക്ഷിക്കേണ്ടതുള്ളു. എണ്ണംകൊണ്ടും, പ്രമേയം, ഭാഷ, ശൈലി എന്നിങ്ങനെ കാവ്യഘടകങ്ങളുടെ വൈവിധ്യം കൊണ്ടും വിപുലമായ ഈ സമാഹാരത്തെക്കുറിച്ച് അത്തരമൊരു എഴുത്തേ സാധ്യമാകൂ എന്ന് പറയേണ്ടതില്ലല്ലോ.

### ചരിത്രത്തിന്റെ കനം

കെ.ജി. ശങ്കരപ്പിള്ളയുടെ "സിംഹം", വൈറസും മരണവും ഊടുംപാവുമായ സമകാലത്തിൽനിന്നുകൊണ്ടാണ് "പൂച്ചയിലേക്ക് ശോഷിക്കാതെ ശേഷിക്കുന്നില്ല/ചരിത്രത്തിലൊരു സിംഹവും" എന്നെഴുതുന്നത്. കൈതോലയും കേട്ടുകേൾവിയും വകഞ്ഞ് ഈ അപായകാലത്തിന്റെ പൊരുൾ അന്വേഷിക്കുന്ന വൈപ്പിനിലെ സുന്ദരി സെലീനയെ പിൻതുടരുന്ന പൂച്ച, അപായ കാലത്തും തുടരുന്ന അധികാരഗർവ്വിന്റെയും കുടിലതകളുടെയും സൂചകമാവുന്നു. വർത്തമാനത്തിന്റെ ആസുരതയെ മുൻനിർത്തി, പ്രതാപകാലങ്ങൾക്കും അധികാര പദവികൾക്കും വന്നുചേരുന്ന വിപര്യയത്തെക്കുറിച്ചുള്ള ബോധ്യവും, പ്രതീക്ഷയും കൂടിയാണ് കവിത പങ്കുവെയ്ക്കുന്നത്. വർത്തമാനത്തിന്റെ ആസുരത ചരിത്ര ബോധ്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും കൂടുതൽ കനമുള്ളതാക്കിത്തീർക്കുന്നു.

കുരീപ്പുഴ ശ്രീകുമാറിന്റെ 'ചില സ്ഥലങ്ങൾ' സമരചരിത്രത്തെ സ്ഥലനാമത്തെ മുൻനിർത്തി കണ്ടെടുക്കുന്നു. നാടിന്റെ ഓരോ അണുവിലും, അഗാധതകളിലും ഊറിക്കിടക്കുന്ന സമരചരിത്രമാണ് കവിയ്ക്കും, ഈ തലമുറയ്ക്കുതന്നെയും പ്രതിസന്ധികളെ അതിജീവിക്കാൻ ആശ്രയമാവേണ്ടത്. സഹോദരൻ അയ്യപ്പനെ മുൻനിർത്തി "ജ്യേഷ്ഠ സഹോദരായി ക്കാലശൂലങ്ങൾ/വാകപ്പൂങ്കൊമ്പുകൾ മാത്രം/നേർക്കു വരുന്നൊരശ്ലീല സരസ്വതി/കൂമസംഗീതികമാത്രം" എന്ന് പുതിയ കാലത്തിന്റെ കഠിനതകളെ പഴയ സമരകാലത്തിന്റെ അനുഭവങ്ങളോട് ചേർത്തുവെച്ച് എഴുതുന്നു. വി. വി. ഷാജുവിന്റെ "രാജ്യം അയാളുടെ തെരഞ്ഞെടുപ്പല്ല" എന്ന കവിതയിൽ വർത്തമാന ഇന്ത്യയുടെ നേർചിത്രമുണ്ട്. "ഇപ്പോഴിതാ രാജ്യം/അതിനെ ഭക്തിയോടെ കണ്ട/ജനതയോട് ആ ഭക്തിക്കാധാരമായ രേഖകൾ ചോദിക്കുമ്പോൾ രാജ്യമതിന്റെ അവയവങ്ങളോരോന്നായി ലേലത്തിനുവെക്കുമ്പോൾ/തീറ്റിപ്പോറ്റുന്നവരെ വെയിലത്ത് നിർത്തി/പരിഹസിക്കുമ്പോൾ ഞാനീ രാജ്യത്തിന്റേതല്ല എന്ന/വാക്യത്തോടൊപ്പം/ ഈ രാജ്യം എന്റേതല്ലയെന്ന/ചുവന്ന മഷികൊണ്ടുള്ള അടിക്കുറിപ്പും/ അയാൾ എഴുതിക്കഴിഞ്ഞു." രാജ്യമോ മതമോ തെരഞ്ഞെടുപ്പല്ലാതാവുന്ന മാനുഷികതയുടെ ചിത്രം കൂടിയാണ് കവിത.

ഒ.പി.സുരേഷിന്റെ "ചെര" "അരക്ഷിതമായ ഒരുണ്മയെന്നോണം/മറ്റെവിടെയോ ജീവിതം തിരയുന്നവർ/ കഥാപുസ്തകത്തിൽ പോലും ഇല്ലാതായി/തോന്നുംപടി അലയുന്നവരെ/

ചട്ടപ്പടി പണിക്കാരാക്കുന്ന ദുർഗുണപരിഹാര പാഠശാലയാണ് ലോകം" എന്നെഴുതുമ്പോൾ ജീവിതത്തിന്റെ യാന്ത്രികതയും, അതിലേക്ക് നൂണ്ടുവരുന്ന അരാഷ്ട്രീയതയും തെളിയുന്നു. അവിടെ പ്രക്ഷുബ്ധമായ ഇടങ്ങൾപോലും തീർക്കുന്നത് അന്തസ്സുറ്റ ചട്ടക്കൂടുകളാണ്. പൗരത്വവുമായി ബന്ധപ്പെട്ട വർത്തമാനപ്രശ്ന ങ്ങളിലേക്കുള്ള ഒരു വഴി 'ബാഴ്സലോണയിലെ ഒരു രാവ് (യാത്രയിലെ ഒരിടവേളയിൽ)' എന്ന പ്രസന്നകുമാർ രാഘവിന്റെ കവിതയിലുണ്ട്. അതിർത്തിബന്ധങ്ങൾക്കപ്പുറമുള്ള മനുഷ്യഭാവ ങ്ങളും മഹിമകളും കവിതയിൽ സൂചനയാവുന്നു.

## മനുഷ്യനെ വീണ്ടെടുക്കുന്നു

ആധുനിക മനുഷ്യകേന്ദ്രിത സങ്കൽപ്പനങ്ങളോടുള്ള വിമർശനങ്ങൾ ഈ കവിതകളിലെ ഒരു ധാരയാണ്. വൈയക്തി കതയുടെ കേവല നിരാകരണമല്ല കവിതകളിൽ സംഭവിക്കുന്നത്. പോയകാലങ്ങളിൽ വ്യക്തി എന്നതിനോട് ചേർത്ത് വേണ്ടത്ര പരിഗണിക്കപ്പെടാതെപോയ സ്നേഹം, കരുണ എന്നിവയെ കവിത വീണ്ടെടുക്കുന്നു. മനുഷ്യനോട് ചേർത്ത് വ്യവഹരിച്ചുപോന്ന അഹങ്കാരം; തൃഷ്ണ, സ്വാർത്ഥത എന്നീ ഘടകങ്ങളെ നിരാ കരിക്കുകയും ചെയ്യുന്നു. മനുഷ്യത്വത്തെ വൈരുധ്യാത്മകമായി തിരിച്ചറിഞ്ഞുകൊണ്ടാണ് മനുഷ്യവിമർശനങ്ങൾ എന്നു സാരം.

സച്ചിദാനന്ദന്റെ 'സിദ്ധാർത്ഥനും അണ്ണാർക്കണ്ണനും' സംഭാഷണ രൂപത്തിൽ എഴുതപ്പെട്ട കവിതയാണ്. സച്ചിദാന ന്ദന്റെ കാവ്യലോകത്ത് ആവർത്തിച്ചുകാണുന്ന ബിംബാവലി കളാൽ എഴുതപ്പെടുമ്പോഴും, മാറിവന്ന ലോകസാഹചര്യത്തെയും, ധർമത്തെയും കവിത അടയാളപ്പെടുത്തുന്നു. മനുഷ്യനെയും അവന്റെ പ്രജ്ഞയെയും ധർമാധർമ വിചാരങ്ങളെയും കവിത പ്രശ്നവൽക്കരിക്കുന്നു. കവിതയിലെ അണ്ണാർക്കണ്ണൻ പ്രകൃ തിയെ മുൻനിർത്തി, ജന്തുജീവജാലങ്ങളുടെ ലോകത്തിലെ കരുണ, മൈത്രി, മുദിതം എന്നീ സങ്കൽപ്പനങ്ങളെ ബുദ്ധന് കാണിച്ചുകൊടുക്കുന്നുണ്ട്. മനുഷ്യജീവിതത്തിലെയും, ജന്തു ജീവിതത്തിലെയും ദു:ഖങ്ങളെ സമാന്തരപ്പെടുത്തി അതിൽനിന്ന് തങ്ങൾക്ക് പുറത്തുകടക്കാനായതിന്റെ പൊരുളിനെ അണ്ണാൻ ബുദ്ധനോട് വിവരിക്കുന്നു. കവിതയിൽ ബുദ്ധന്റെ നിശ്വാസമേറ്റ് പഴുത്തു തുടങ്ങിയ മരത്തിലെ കായകൾ സൂചനയാവുന്നു. "ബുദ്ധൻ ധർമത്തെക്കുറിച്ചുള്ള/ആധികളിൽ മുഴുകി/ വൃക്ഷം താൻ ഒരു കാട്ടിൽ മഴയിൽക്കുളിച്ചു നിൽക്കുന്നത് സ്വപ്നംകണ്ടു: അണ്ണാർക്കണ്ണൻ താൻ ചന്ദ്രനിലെ/അനശ്വരമായ അടയാളമായി



മാറിയെന്നും." - എന്ന് കവിത അവസാനിക്കുന്നിടത്ത് ജന്തുജീവ ജാലങ്ങൾ അനശ്വരതയിലേക്കും, മനുഷ്യൻ പതിവ് നിലയി ലേക്കും വഴിപിരിയുകയും ചെയ്യുന്നു.

പി.എം. നാരായണന്റെ 'ബുദ്ധനും കൊതുകും' എന്ന കവിതയാകട്ടെ, മനുഷ്യനിയമങ്ങളെയും, അത് മുൻനിർത്തി പ്രകൃതിക്ക് മുകളിലുള്ള ഇടപെടലുകളെയും, ഹിംസകളെയും ആണ് പ്രശ്നവൽക്കരിക്കുന്നത്. വരും ജന്മത്തിൽ കൊതുവായി പുനർജനിക്കുന്ന ബുദ്ധവിപര്യയത്തെ കവിത വരച്ചിടുന്നു. റോസ്മേരിയുടെ "ഇരുട്ടിൽ ഒരൊറ്റ കാക്ക" എന്ന കവിത "പുറത്ത്/നനഞ്ഞുറഞ്ഞ/തൂവൽക്കൂട്ടം/അകത്ത്/കസേരമേൽ ച്ചാഞ്ഞ ക്ലാന്തശരീരം/അവർക്കു മുന്നിൽ/അനന്തമായ രാത്രി ചുറ്റും, ഇരുട്ടിന്റെ മഹാസമുദ്രം"എന്ന പ്രകൃതിയെയും മനു ഷ്യനെയും ജീവജാലങ്ങളെയും ഒന്നിലേക്ക് വിലയിപ്പിക്കുന്നു. വീരാൻ കുട്ടിയുടെ "കാറ്റിനാൽ കാറ്റിനെ മുൻനിർത്തി മനുഷ്യന് ലഭിക്കുന്ന പാഠത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യന്റെ സാമാന്യവും കുടിലവും ആയ ബുദ്ധിയെ നിരാകരിക്കുകയും, അവർ വേദനിപ്പിച്ചവരുടെ മുറിവിൽ ഉമ്മ വച്ചുവരുകയും ചെയ്യുന്ന ഒന്നായി അവിടെ കാറ്റ് മാറുന്നു. കെ. എം. റഷീദിന്റെ 'കാറ്റെന്നെ തൊടുന്നില്ല" എന്ന കവിത ജന്തുജീവജാലങ്ങൾക്ക് ജ്ഞേയവും മനുഷ്യർക്ക് അജ്ഞേയവുമായ ലോകത്തെ എഴുതുന്നു. എം.ബഷീറിന്റെ 'പക്ഷിജന്മം' എന്ന കവിതയും പക്ഷിജീവിത ത്തിന്റെ നിസ്സഹായതയിൽതൊട്ട് ഇങ്ങനെയൊരു താരതമ്യത്തെ ഉയർത്തുന്നു. ഇങ്ങനെ സമാഹാരത്തിലെ കവിതകളിലെ മനുഷ്യ വീണ്ടെടുപ്പിന് ബഹുമുഖമായ മാനങ്ങൾ ഉണ്ടെന്ന് കാണാം.

## അടിത്തട്ടിലെ അനക്കങ്ങൾ

യാഥാർത്ഥ്യത്തെക്കുറിച്ച് സുതാര്യമായ മറ്റൊരു പരിപ്രേക്ഷ്യം ഈ കവിതകളിൽ പിറന്നുവരുന്നു. ആശയഭാരങ്ങളില്ലാതെ കാണുന്നതിനെ എഴുതലാണ് അത്. റിയലിസത്തിന്റെ മുൻകാല വകഭേദങ്ങളിൽ കാണാത്തതോ ഇടംകിട്ടാത്തതോ ആയ കാഴ്ച കൾ ഇവിടെ എഴുതപ്പെടുന്നു. എം. ആർ. രേണുകുമാറിന്റെ "രാത്രി ജീവിതം" അടിസ്ഥാന ജീവിതത്തെ എഴുതുമ്പോൾ മധ്യവർഗ സാമാന്യയുക്തികളും അബോധങ്ങളും ചോദ്യംചെയ്യപ്പെടു കയും, അതുവഴി പുതിയ കാഴ്ചകൾ പിറവിയെടുക്കുകയും ചെയ്യുന്നു. "അപ്പനൊരു/വട്ടു സോഡ പൊട്ടിച്ച്/ഒരു കവിളെടുത്ത്/ കുലുക്കുഴിഞ്ഞ് തുപ്പി/കുപ്പി തറയിലെറിഞ്ഞുടച്ചു/ ചേച്ചി ഞെട്ടിയുണർന്നു/കച്ചോടക്കാരന്റെ ചിരികൾ പമ്പകടന്നു/

അമ്മയുടെ മുഖത്ത്/നിലാവ് പരന്നു" കവിതയിൽ 'അതുവരെ തുടർന്ന ലോകത്തെയും ബോധത്തെയും കീഴ്മേൽ മറിക്കുന്ന അപ്പന്റെ പ്രവൃത്തി നമ്മുടെ നോട്ടങ്ങളെയും ദർശനപരിസരങ്ങളെയും കൂടിയാണ് കീഴ്മേൽ മറിക്കുന്നത്.

അനുഭവങ്ങളെ സംബന്ധിച്ച സാമാന്യബോധത്തെ കവിത മറിക്കടക്കുന്നത് വിചിത്രമായ വഴികളിലൂടെയാണ്. ആക്ഷേപഹാസ്യത്തിന്റെ മാറിയ തലങ്ങൾ ഈ മറിക്കടക്കലിന് തുണയാവുന്നു. ശ്രീലത എസ്. ഹരിപ്പാടിന്റെ 'കള്ളുവെറി' ഇത്തരമൊരു ലോകത്തെ അടയാളപ്പെടുത്തുന്നു. മറിയയും പൈലിയും അവരുടെ നിത്യജീവിത അലോസരങ്ങളെ ചെമ്പുപാത്രങ്ങൾ തേച്ചുമോറിയും, തെങ്ങിന് തടം തുറന്നും ആണ് മറികടക്കുന്നത്. ഈ മറികടക്കലിനൊപ്പം, മറിയയും പൈലിയും അത്ര രസത്തിലല്ലെന്ന നാട്ടുകേൾവിയുടെ കാറ്റും അതിൽ വളർ ന്നുവരുന്ന തെങ്ങും ഉണ്ട്. അവരുടെ മൂന്നു പിള്ളേർ, നെരന്ന് നിന്ന് നിക്കറുതാഴ്ത്തി തെങ്ങിൻചോടു നനയ്ക്കുന്നത് അനുഭവമാകുന്നു.

## മുറിയുന്ന പരിസ്ഥിതി

പി.എൻ. ഗോപീകൃഷ്ണന്റെ 'ഏതോ പുഴയുടെ ഏതോ ദിവസം' ദിനംതോറും ശോഷിക്കുന്ന, മെലിയുന്ന പുഴയുടെ ദൈന്യതയെഴുതുന്നു. ഒഴുകൽ അതിന് ഭാരമാകുന്നു. അതിനിടയിലും വലക്കാരൻ കുഞ്ഞാലിക്കുള്ള മീനും, പാത്തുമ്മയ്ക്കും കൂട്ടർക്കും തുണികഴുകാനുള്ള ഇത്തിരി നനവും പുഴ എത്തിച്ചു കൊടുക്കുന്നുണ്ട്. കിളവിയായ സ്കൂൾമേറ്റ് കാടിനെ കണ്ടപ്പോഴാണ് തന്റെ ദൈന്യത്തിൽ പുഴയ്ക്ക് സമാധാനമാവുന്നത്. വകയിൽ അളിയനായ കാലവർഷം കൊടുക്കുന്ന നക്കാപ്പിച്ചകൊണ്ടാണ് കഴിഞ്ഞുപോകുന്നത്. "അറബിക്കടലിന്റെ കാലുപിടിച്ച്/വേറെ എവിടേക്കെങ്കിലും/വിസ കെഞ്ചണം" എന്ന് അത് കരുതുന്നു. "സിനിമാപ്പാട്ടുകൾ പുകഴ്ത്തുന്നുണ്ടെങ്കിലും/മുടി പറ്റേ നരച്ചു" രാവിലെ ഒന്നും കഴിച്ചിട്ടില്ലാത്ത പുഴ "നഗരം പെട്ടെന്നുപിടിക്കാൻ പറ്റിയാൽ/കുറച്ച് മലവും മൂത്രവും കിട്ടും. ഫാക്ടറികൾ കരൾ തകർക്കുന്ന മദ്യംതരും." എന്നും കരുതുന്നു. മദ്യത്തിന്റെ കിറുങ്ങലിൽ തലയടിച്ച് ബോധമറ്റ് ഉറങ്ങുക വഴി "ഡാമിലെ കാത്തുകിടപ്പും കുഴികളിലെ കുരുക്കും അറിയില്ല, മണൽക്കടത്തുകാർ കൊത്തിക്കൊത്തിയരിയുമ്പോൾ വേദനിക്കില്ല ഒന്നും ഓർക്കേണ്ടതില്ല" എന്നും കരുതുന്നു. നാളെ "ഒരു ദിവസം കൂടി പഴകിയ കുപ്പായം കണ്ടെത്തിയാൽ മതി/ ജീൻസ് അരയിൽ അല്പംകൂടി മുറുക്കിയാൽ മതി എന്നും അത് കരു



തുന്നു. സുതാര്യവും വിനിമയക്ഷമവുമായ ഈ തുറന്നുപറച്ചിൽ പ്രകൃതി ചൂഷണത്തിന്റെ തീവ്രതയെയും, ദൈന്യതയുടെ മൂർത്തതയെയും തെളിവെള്ളത്തിലെന്നപോലെ കാണിച്ചുതരുന്നു. മ്യൂസ്മേരിയുടെ "അപരിചിത വൻകര പ്രകൃതിക്കുവന്ന വിപരീതങ്ങളെ അപരിചിതത്വത്തോടെ അവതരിപ്പിക്കുന്നു. ആന്തരികമായ പ്രണയലോകം കവിതയിൽ നഗരവൽക്കരണത്തിന്റെയും വിപണനത്തിന്റെയും മറ്റൊരു തലത്തിലേക്ക് വികസിക്കുന്നു. ശ്രീ ഇടവൂരിന്റെ 'ഭൂമിയുടെ കുമ്പസാരം' എന്ന കവിതയിലും പ്രകൃതിചൂഷണത്തിനെതിരെ പ്രതിരോധത്തിന്റേതായ ഒരു കാവ്യഭാഷയുണ്ട്.

## നേരനുഭവങ്ങളുടെ സഞ്ചാരവഴികൾ

സുകുമാരൻ ചാലിഗദ്ധയുടെ "എനിക്ക് പരിചയമുള്ള മൃഗം" മലയാളത്തിലെ ആനക്കവിതകളിൽനിന്നു ഭിന്നമായ ഒരു തലത്തെ തുറന്നിടുന്നുണ്ട്. "ചെവിയാട്ടി പുഴയരികിലായവൻ/പൂക്കളമിട്ട് കാത്തിരുന്ന് കാത്തിരുന്ന്/പരിചയക്കാരിയെ കാണാതെ മുങ്ങിക്കുളിച്ചപ്പോൾ മഴവില്ല് വിരിഞ്ഞതായി/ആരോ വിളിച്ചു പറയുന്നുണ്ടായിരുന്നു". "അവൻ മരങ്ങളെ കുത്തിയും/ചില്ലകളെ വളച്ചും നിലത്ത് ചവിട്ടിയും/അക്ഷരങ്ങളെഴുതി പഠിക്കുകയായിരുന്നു" എന്നും മറ്റും ആനയുടെ കണ്ണിലെ കനവും, അതിന്റെ അക്ഷരമെഴുതിപഠിക്കലും എഴുതുന്നു. കാടിന്റെ നേരനുഭവമാണിത്. കവിത എഴുതിയ ഭാഷയിൽ വായിക്കുമ്പോഴാകട്ടെ, അതിലെ ഭാഷാതലവും അനുഭവതലവും തമ്മിൽ നന്നായിച്ചേരുന്ന അനുഭവമുണ്ടാകുന്നു. വിവർത്തനത്തിന് സ്വീകരിച്ച മാനകമലയാളഭാഷയുമായി ഈ കാവ്യഭാഷ ഇടച്ചിലിലാവുകയും ചെയ്യുന്നു. പി.ശിവലിംഗന്റെ ഇരുളഭാഷയിലെഴുതപ്പെട്ട 'കത്താരി'യിലും കാട്ടിലെ ഉപകരണങ്ങളുടെ അനന്യതയും, വേട്ടയും ഉപകരണവും തമ്മിലുള്ള അഭേദ്യതയും ഉണ്ട്. "ഇത്, കുട്ടികൾക്ക് പഠിക്കാൻ കണക്ക് അധ്യാപകൻ/മെനഞ്ഞെടുത്ത ത്രികോണമാണെന്ന് കരുതേണ്ട" എന്ന് നമുക്ക് പരിചിതമായ ലോകത്തെ അത് തള്ളുന്നു. മുഡുഗ ഭാഷയിലെ ഒരു കവിതയിലെ വാക്കിൽ പ്രകാശിച്ചു 'സൂര്യക്കാലി'ലൂടെ പി.രാമനും പ്രകാശിക്കുന്നു. വിമീഷ് മണിയൂരിന്റെ "ആണും ആണും" "ഒരാണിനോളം മുറുക്കമില്ല/ഒരു കെട്ടിപ്പിടുത്തത്തിനും/അവന്റെ ചുണ്ടിനോളം മുറിഞ്ഞതല്ല/ഒരു ചുംബനവും" എന്നെഴുതുമ്പോൾ പതിവ് ലിംഗസങ്കൽപ്പങ്ങൾ തിരുത്തപ്പെടുന്നു. "ഒരാണിനെ മറ്റൊരാണ്/സ്നേഹംകൊണ്ട് പൊതിയുന്നത്/

കുഴിച്ചുകൊണ്ടിരിക്കെ കിണറ്റിൽ മണ്ണിടിഞ്ഞ് ചാവുമ്പോലിരിക്കും തിരിച്ചെടുക്കുന്നതിലും എളുപ്പം/ഒരുപിടി മണ്ണ് കൂടിയിട്ട് മൂടിക്കളെയുന്നതാവും-എന്ന് ലിംഗപരമായ വിമോചനത്തിലെ സാധ്യതയും അപായ സൂചനയും ഒരുപോലെ ഈ കവിത തുറന്നുവെയ്ക്കുന്നു. വിജയരാജ മല്ലികയുടെ ചാമ്പുപൈപ്പ് പെൺ ആസക്തികളുടെ ലോകത്ത നിരുപാധികമായി തുറന്നുവെയ്ക്കുന്നു. ഗ്രാമത്തോടുള്ള പെണ്ണിന്റെ സമീകരണവും, വ്യാമോഹത്തിലേക്കുള്ള വഴുതലും, നിർവികാരതയുടെ എതിർപുറവുമെല്ലാം കവിതയ്ക്ക് അർത്ഥസാധ്യതകൾ നൽകുന്നു.

## പെൺവിനിമയങ്ങൾ

അനിതാതമ്പിയുടെ "മുറ്റമടിക്കുമ്പോൾ" "തൂത്തു നേരം പുലർന്നു, വെളിച്ചം/വീണു വീടിൻ മിഴിതുറക്കുമ്പോൾ/കാൽച്ചുവടും കരിയിലപോലും നീങ്ങി, എന്തൊരു വൃത്തിയിൽ മുറ്റം" എന്ന ആശ്ചര്യത്തിലേക്ക് തുറക്കുന്നു. പുറംലോകവും അകവിചാരങ്ങളും മണ്ണിലെ സൂക്ഷ്മസാന്നിധ്യങ്ങളുമെല്ലാം ഈ ആശ്ചര്യത്തിന്റെ പാർശ്വത്തിലും ചുറ്റിലുമായെല്ലാം നിലകൊള്ളുന്നു. ആനന്ദി രാമചന്ദ്രന്റെ 'സുതാര്യത' തീർത്തും സ്വകാര്യമായ, പുരുഷലോകത്തിന് വിനിമയം ചെയ്യാത്ത സ്വകാര്യതയെ അടയാളപ്പെടുത്തുന്നു. പുരുഷന്റെ താത്പര്യങ്ങൾക്കും ലളിതയുക്തികൾക്കും വഴങ്ങാത്ത സത്യസന്ധതയുടെയും സങ്കീർണതയുടെയും വിരുദ്ധലോകമാണത്. അമ്മുദീപയുടെ "കണ്ണാടി" ഇങ്ങനെയെഴുതുന്നു. "മുടി കെട്ടിവയ്ക്കാത്ത മെലിഞ്ഞ പെണ്ണ് ഇടയ്ക്കിടെ/ചുമരിനുള്ളിൽനിന്ന് കേറിവന്നു" ചുമരിനുള്ളിലേയ്ക്ക് ഇറങ്ങിപ്പോയി". കവിതയിലെ കുടുസ്സുമുറിയിലെ വിങ്ങലും കണ്ണാടി കൊണ്ടുതരുന്ന കാറ്റും വെളിച്ചവുമെല്ലാം കുടുങ്ങിപ്പോകലിന്റെയും മോചനത്തിന്റെയും ലോകങ്ങളെ മുഖാമുഖം നിർത്തുന്നു. ജയന്തി അരുണിന്റെ "ഒറ്റാലിൽ കുടുങ്ങിയ സ്രാവ്" എന്ന കവിതയുടെ ഒടുക്കം"ഒറ്റാലിൽക്കുടുങ്ങി/വായ പൂട്ടിയ/സഞ്ചിയിലേക്ക്/ വീണുപോയവളുടെ/പിടച്ചിലിനെ/ നോക്കി/ചില്ലുകടലിൽ/ഗപ്പി തിരയിളക്കി" എന്നെഴുതുമ്പോൾ അത് പെൺജീവിതത്തിലെ സ്വപ്നങ്ങൾ, ആധിപത്യങ്ങൾ, കുടുങ്ങിപ്പോകലുകൾ, പിടയലുകൾ ഇവയെല്ലാറ്റിന്റെയും ക്രോഡീകരണമാവുന്നുണ്ട്. ശരീരം ഇത്തരം കവിതകളിൽ വേറിട്ട മാനങ്ങളും ഭാവങ്ങളും കൈവരിക്കുന്നത് രഗില സജിയുടെ "കാടിറങ്ങിവന്ന മുലകൾ" പോലുള്ള കവിതകളിൽ കാണാം. ബിനീഷ് പുതുപ്പണത്തിന്റെ "മിടിപ്പ്" "ഒരു പെണ്ണിന്റെ വയറെന്നാൽ/ജനനത്തിന്റെയും മരണത്തിന്റെയും



സൂക്ഷിപ്പാകുന്നു/ഓരോ മനുഷ്യനും/ആദ്യം ശ്വസിച്ച, വസിച്ച ഭൂഖണ്ഡത്തിന്റെ അടയാളങ്ങൾ" എന്നെഴുതുന്നു. "വിശുദ്ധനായ ഒരു പുരുഷനുമാത്രം അതിൽ മുഴങ്ങുന്ന ആദിമശ്വാസത്തിന്റെ മിടിപ്പുകൾ കേൾക്കാം" എന്നും കൂട്ടിച്ചേർക്കുന്നു.

ദീപ കരുവാട്ടിന്റെ "ജലോന്മാദം" പ്രകൃതിയുമായുള്ള സ്ത്രീചേതനയുടെ അഭേദ്യനിലയേയും വിലയത്തെയും ഭംഗിയായി അവതരിപ്പിക്കുന്നു. ആര്യാഗോപിയുടെ 'ജാതിയില്ലാത്തവൾ' എന്ന കവിതയും സൂക്ഷ്മമായ കാവ്യഭാഷയിലും ബിംബാവലികളിലും ഇത്തരമൊരു ലോകത്തെ സാധ്യമാക്കുന്നു. സുഷമ ബിന്ദുവിന്റെ "മുറ്റമടിക്കെ മരിച്ചുപോകുന്നൊരാൾ" സ്ത്രീകളുടെ ആന്തരിക ലോകത്ത പിൻപറ്റിക്കൊണ്ടുള്ള അനുഭവലോകവും ചിത്രലോകവും വരച്ചിടുന്നു. ശോഭന കാരയിലിന്റെ "പ്രഭാതം" "ഉറങ്ങിയില്ലേ നീയിതിങ്ങനെ തുടരുകിൽ പകലിൽ നിൻ വേലകൾക്കാരെ ഞാൻ നിയോഗിക്കും/രാത്രി ബാക്കിയുണ്ടിനി വെളുക്കാനൊന്നോ രണ്ടോ നാഴിക കണ്ടേക്കാം നീയൊന്നു കണ്ണടച്ചോളൂ" എന്നെഴുതുമ്പോൾ പ്രപഞ്ചവിസ്മയത്തിൽ മുഴുകുന്ന സ്ത്രീചേതനയ്ക്കുമുകളിൽ വന്നുവീഴുന്ന അധികാരത്തിന്റെ സ്വരംകൂടി അതിൽ വായിക്കാം.

വറുതികൾക്കിടയിലും സ്വർഗരാജ്യം അവൾക്കാണെന്ന പ്രതീക്ഷ ഉമസിത്താരയുടെ "അന്ത്യവിധി" പങ്കുവെയ്ക്കുന്നു. "ഏകയാവുകയെന്നാൽ ധീരയാവുകയെന്നു കൂടിയാണ്" എന്ന് "ഉപേക്ഷിക്കപ്പെട്ടവളുടെ പാട്ട്" എന്ന കവിതയിൽ ആഞ്ചലാ ലോപ്പസ് എഴുതുന്നു. തിരിച്ചറിയലിന്റെയും പ്രതിരോധത്തിന്റെയും സ്വന്തം ലിംഗത്തോടുള്ള കരുതലിന്റെയും മണ്ഡലം "ആർത്തവം" എന്ന നന്ദിതയുടെ കവിതയിൽ കാണുന്നു. അതിക്രമങ്ങൾക്കുള്ള വിചിത്രമായ ന്യായീകരണങ്ങൾ ഷാനില വേണുവിന്റെ "വെറും പാവം" അവതരിപ്പിക്കുന്നു. ബിന്ദു.ബി.വിയുടെ "വിചാരണ" ആത്മഹത്യക്കുമുൻപുള്ള വിചാരങ്ങളെ ഭദ്രമായി അടയാളപ്പെടുത്തുമ്പോഴും കീഴടങ്ങലിന്റെ സ്വരം പങ്കുവെയ്ക്കുന്നു.

## സാങ്കേതികലോകങ്ങൾ

പി.പി.രാമചന്ദ്രന്റെ 'അശരീരികൾ' എന്ന കവിതയിൽ രണ്ടു തലമുറകളുടെ പ്രതിനിധിയായി നമ്പ്യാരും ചാപ്ലിനും നിലകൊള്ളുന്നു. മൂന്നാമതൊരു തലമുറയായി അതിസാങ്കേതികതയുടെ വർത്തമാനകാലവുമുണ്ട്. ചാപ്ലിൻ തുറന്നുകാട്ടിയത് യാന്ത്രിക ലോകത്തിന്റെ ഉള്ളുകള്ളികളാണ്. തിരയിൽ അയാൾ യന്ത്രത്തിന്റെ വായിൽപ്പെട്ട് ഒരു പോറലുമേൽക്കാതെ തിരിച്ചുവന്ന്

കാണികളെ ചിരിപ്പിക്കുന്നു. ആധുനികപൂർവമായ ഒരു ഇതിഹാസകാലത്തിന്റെ പ്രതിനിധിയായ നമ്പ്യാരാകട്ടെ, ദേവലോകത്തിന്റെ ഗൂഢാലോചന നാടാകെ പാട്ടാക്കുന്നു. ഇരുവർക്കും അവരുടെ മൊഴിയായിരുന്നു ഉടൽ. അയത്നതയായിരുന്നു അടയാളം."അല്ലയോ ചാപ്ലിൻ-നമ്പ്യാർ/ സ്വർഗസ്ഥരായി നിങ്ങൾ/ എന്നാലും ഡൗൺലോഡ് ചെയ്യാൻ/പാകത്തിൽ സൈബർ സ്ഥരായി!" എന്ന് കാലപരിണാമത്തെ കവി അടയാളപ്പെടുത്തുന്നു. ചാപ്ലിനെയും നമ്പ്യാരെയും നിർണയിച്ച ഫാക്ടറി, ഇതിഹാസംപോലുള്ള സ്ഥലരാശികൾ മാറുന്നു. അദൃശ്യതയുടെ ലോകം പിറവിയെടുക്കുന്നു. കാണാനാവാത്ത നെറ്റ്വർക്കിന്റെ ലോകത്തിൽ മനുഷ്യർ കേവലം ഡാറ്റകൾ മാത്രമായി മാറുന്നു. പുതുതലമുറ ശരീരികളും ചിരഞ്ജീവിധന്യരുമായ ചാപ്ലിനോടും നമ്പ്യാരോടും പറയുന്നത് ഞങ്ങൾ ശരീരമില്ലാത്തവരാണ് എന്നാണ്.

കല്പറ്റ നാരായണന്റെ 'അച്ഛനും മകളും' ഇരുവരുടെയും പരസ്പര ഭാഷണങ്ങൾ എന്ന് കരുതാവുന്ന രചനയാണ്. രണ്ടു ലോകബോധങ്ങളുടെ സൂക്ഷ്മതകളിലൂടെ കവിത സഞ്ചരിക്കുന്നു. കവിതയിൽ അതിസാങ്കേതികതയുടെ ലോകം മൊബൈലിലൂടെ സൂചിതമാകുന്നു. കാലമാറ്റത്തെയും അഭിരുചിമാറ്റത്തെയും വീക്ഷണമാറ്റത്തെയും കവിത ദ്യോതിപ്പിക്കുന്നു. "ജീവിതത്തിലേക്ക്/ശപിക്കപ്പെട്ടവരായിരുന്നു/നിങ്ങൾ/ജീവിതത്തിലേക്ക് മോചിപ്പിക്കപ്പെട്ടവരാണ്/ഞങ്ങൾ" എന്ന് മകൾ. മൊബൈലാണ് ഈ മോചനം സാധ്യമാക്കുന്നത്. ശരിതെറ്റുകളുടെ നിർധാരണമില്ലാതെ രണ്ടു വീക്ഷണങ്ങളെയും കാലങ്ങളെയും കവിത ചേർത്തുനിർത്തുന്നു. "മകളെ നീ ശമിക്കുകയാണോ?" എന്ന അച്ഛന്റെ ഉത്കണ്ഠയെയും "അപ്പുറത്തെ പാളത്തിൽ വണ്ടി വരുന്നില്ലല്ലോയെന്ന് സശ്രദ്ധം നിരീക്ഷിച്ച്/മുറിച്ചുകടക്കുമ്പോൾ/ ഇപ്പുറത്തെ പാളത്തിലൂടെ/വന്നുകൊണ്ടിരിക്കുന്ന വണ്ടിതട്ടി/ ചിതറിപ്പോയ ഒരു പാവമാണന്റെയച്ഛൻ"എന്ന മകളുടെ വേദനയെയും കവിത മുഖാമുഖം നിർത്തുന്നു.

## സൂക്ഷ്മലോകങ്ങളെ എങ്ങനെയെഴുതണം?

സാവിത്രി രാജീവന്റെ "അമ്മയെ കുളിപ്പിക്കുമ്പോൾ" എന്ന കവിത "അമ്മയെ കുളിപ്പിക്കുമ്പോൾ കുഞ്ഞിനെ കുളിപ്പിക്കുമ്പോഴെന്നപോലെ" എന്നു തുടങ്ങുന്നു. കവിത കരുതലിന്റെയും ഓർമയുടെയും വിസ്മയത്തിന്റെയും ദൈന്യതയുടെയും കയറ്റിറക്കങ്ങളിലൂടെ സഞ്ചരിക്കുകയും, "അപ്പോൾ/ഓർമ്മകൾ തിങ്ങി



ഞെരുങ്ങിയ/ആ ചുളിവുകൾ നിവർന്നു തുടങ്ങും അമ്മ പതുക്കെ കൈകൾ നീട്ടി നിന്നെ വീണ്ടും കുളിപ്പിച്ച് തുടങ്ങും/എണ്ണയിലും താളിയിലും മുങ്ങി/നീ കുളിച്ചു സ്ഫുടമായി/തെളിഞ്ഞു വന്നു കൊണ്ടേയിരിക്കും/അപ്പോൾ/അമ്മ നിനക്ക് തന്ന ഉമ്മകളിലൊന്ന്/അമ്മക്ക് പകരം നൽകുക" എന്നും ചേർന്നെഴുതുകയും ചെയ്യുന്നു. കൂടുതൽ തെളിയലിന്റെയും കൃത്യതയുടെയും കാവ്യഭാഷ കവിത കണ്ടെടുക്കുന്നു. വൈരുദ്ധ്യാത്മക രീതിയിലാണ് സെബാസ്റ്റ്യൻ 'ഐഡന്റിറ്റി' എന്ന കവിത അവതരിപ്പിക്കുന്നത് പല പോസുകളിൽ വലുപ്പത്തിൽ തന്നെ നോക്കി ചിരിക്കുന്ന ബൾബുകളുടെ ലോകത്തിൽ സ്വത്വം തേടിയുള്ള എഡിസന്റെ യാത്ര-ചെന്നെത്തുന്നത് നക്ഷത്രലോകത്തിൽ.

അസീം താന്നിമൂടിന്റെ 'ചൂയിങ്ഗം' ആസ്വദിച്ചതിനുശേഷം ഒഴിവാക്കുക എന്ന വ്യാപകമായ മനോനിലയെ അതിസൂക്ഷ്മമായി വരച്ചിടുന്നു. തൃഷ്ണയ്ക്കും, അതിനെ ചൂഴുന്ന വേട്ടഭാവത്തിന്റെ ആവേഗങ്ങൾക്കും ഇങ്ങനെയൊരു സഞ്ചാരപഥം കൂടിയുണ്ട്. "മോദമോടാദ്യമിളം-/ഭാവത്തിലടുത്തുവ-/ന്നണയും.... കരങ്ങളി/ലേറിയാൽ മുതിർന്നുടൻ/തിടുക്കപ്പെടും, പാടെ/മുകരാ, നിമ്പങ്ങളെ നുകരാ, നൊരുവന്യ/ഭാവമന്നേരം കോമ്പ-/ല്ലമർത്തി ധൃതിപ്പെടും..". മുഖത്തു പറ്റുമ്പോൾ കവിളെല്ലുകളും രുചികളും ചെടിച്ചുകോച്ചുന്നു. അപ്പോഴാകട്ടെ, വഴിവക്കിൽ അലസം ചവച്ചുതുപ്പുകയും ചെയ്യുന്നു. രാഹുൽ മണപ്പാട്ടിന്റെ 'പെറ്റോടം' കുട്ടികളെ കുളിപ്പിക്കാൻ പോവുന്ന അമ്മയെ മുൻനിർത്തി കുട്ടികളെ കുളിപ്പിക്കുക എന്ന സൂക്ഷ്മ വൃത്തിയും, ഒപ്പം ആ വീടുകളും അനുഭവവും തന്റേതാവുന്നതെങ്ങനെയെന്നും എഴുതുന്നു. കുഞ്ഞുങ്ങളുടെ ചിരി കണ്ടാണ് താൻ ചിരിക്കാൻ പഠിച്ചത്.'പെറ്റോടം കഴിഞ്ഞമ്മ/കയറി വരുമ്പോ/ ഗൾഫ് മുട്ടായിയോ/നെയ്യപ്പോ/വാസനസോപ്പോ/ പലഹാരോ ഉണ്ടാവും/അപ്പോൾ ഞാനെന്റെ/പള്ളയ്ക്കകത്ത് വേവാത്ത/കപ്പകിഴങ്ങോ റവപ്പുമാവോ മറയ്ക്കും"അമ്മയും കുളിപ്പിക്കുന്ന കുഞ്ഞുങ്ങളും തമ്മിലുള്ള അഭേദ്യത കവിതയിലുണ്ട്. കുളിവൈകിയ കുഞ്ഞികരച്ചിലാകട്ടെ, കവിതയിൽ പതിഞ്ഞമട്ടിലാവുകയും ചെയ്യുന്നു. പ്രഹരങ്ങൾ ആനന്ദങ്ങളും, വിധേയത്വങ്ങൾ അനുഭൂതിയും ആയിമാറുന്ന വിപര്യയം പി.എ.നാസിമുദ്ദീന്റെ 'ചാട്ടവാറും മുതുകും' അവതരിപ്പിക്കുന്നു. കവിതയിലെ ഈ അർത്ഥധ്വനികൾ ഭൂമിയിൽ അടിമ ജീവിതം നയിച്ചുപോരുന്ന അനുയായികളിലേക്കും ഭക്തരിലേക്കും നീളുന്നു; നന്ദനൻ മുള്ളമ്പത്തിന്റെ 'നിലവിളി' നിരീക്ഷണ

ത്തിന്റെ മറ്റൊരുലോകം തുറന്നിടുന്നു. ചരാചരങ്ങളിലേക്ക് സമനിലയിലുള്ള നോട്ടവും, അതുവഴി തുറക്കുന്ന അറിവിന്റെ നിർധാരണവുമുണ്ട് കവിതയിൽ. എൽ. തോമസുകുട്ടിയുടെ 'സിലസ്റ്റീന'(92) അമ്മച്ചിയുടെ മരണത്തെ മുൻനിർത്തി പ്രതലങ്ങൾ ഞെരുക്കുന്ന ജീവിതത്തെ അവതരിപ്പിക്കുന്നു. മറുപുറത്ത് സുതാര്യമായ ഗ്രാമജീവിതത്തിന്റെ സൂചനയും കവിതയിലുണ്ട്. അമ്മച്ചിയിൽനിന്ന് തന്നിലേക്ക് നീളുന്ന സംഘർഷങ്ങളുടെ സങ്കീർണതകളെ തലയിലെ തണുത്തവരദ്യോതിപ്പിക്കുന്നു. സി.എസ്. രാജേഷിന്റെ "കവിയൂർ പൊന്നമ്മ" ബസ്സ് അനുഭവങ്ങളിലെ വൈവിധ്യങ്ങളെ വർഗപരവും ലിംഗപരവുമായ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. അഷ്റഫ് മുഴുപ്പിലങ്ങാടിന്റെ 'കരളോരം' എന്ന കവിതയും വേറിട്ടൊരു സ്ഥലരാശിയും അനുഭവരാശിയും അനുഭവിപ്പിക്കുന്നു. സൂക്ഷ്മാനുഭവങ്ങളോട് തട്ടിച്ച് ചില വീണ്ടുവിചാരങ്ങൾ നടത്തുന്നു സുരേഷ് ശേഖരന്റെ "പളുങ്ക്".

ശ്രീദേവി മധുവിന്റെ "കളവ്" നിഷ്കളങ്കമായ കുഞ്ഞുലോകവും, കള്ളനെന്ന വിളിപ്പേരിന്റെ രൂപീകരണതലവും വരച്ചിടുന്നു. വിജിഷ വിജയന്റെ "വിഷാദം" "ആശ്വസിപ്പിക്കാനാവില്ലെങ്കിൽ/ ഉത്തരമില്ലാത്ത ചോദ്യങ്ങളുടെ/മുൾക്കിരീടമണിയിക്കാതെ "വെറുതെ വിടുക/ചുവടുപിഴച്ച നൃത്തരൂപങ്ങൾക്ക്/അവർ/പുത്തൻചിലങ്കകെട്ടുകയാവാം" എന്ന് വിഷാദരോഗികളോട് പുലർത്തേണ്ട പരിഗണനയെക്കുറിച്ച് പറയുന്നു. വി.എം.ലീലയുടെ 'മക്കൾ' എന്ന കവിതയും നിരാലംബതയുടെ ഏകാന്തമായ ലോകത്തെക്കുറിച്ച് വ്യത്യസ്തമായി ആലോചിക്കുന്നു. നിഷാനാരായണന്റെ "ഏതുരാഗം" തെളിവുറ്റ ശയ്യയിൽ ഒരു സൂക്ഷ്മാനുഭവത്തെ എഴുതുന്നു. ആനന്ദ് അമരത്വയുടെ "വാചികങ്ങൾ" "പുഴുവെന്നു കരുതി/തോണ്ടിക്കളയാൻ നോക്കിയതേയുള്ളൂ/എത്ര പെട്ടെന്നാണ്/ഭ്രമിപ്പിച്ച് ഒരു ചിത്രശലഭമായത്!" എന്ന് വിസ്മയിപ്പിക്കുന്ന സൂക്ഷ്മനിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. ചിത്തിരാ കുസുമന്റെ "വട്ടപ്പാലം", കരുതലും സ്വപ്നവും നിരാശയും പ്രതീക്ഷയും ചുറ്റാകൃതിയിൽ സഞ്ചരിക്കുന്ന പാലം കൂടിയാണ്. സുജിത് കുമാറിന്റെ "മുതിർച്ച", ഷംസു പൂമയുടെ "ജയിൽ ചപ്പാത്തി" സലിം ചേനത്തിന്റെ തൊട്ടുമുമ്പ്, ജയരാജ് മിശ്രയുടെ "ലോക്ക്ഡൗൺ", ദുർഗ പ്രസാദിന്റെ "കാക്കയുടെ സങ്കീർത്തനങ്ങൾ" യേശുദാസ്.ഡിയുടെ "പകർപ്പുകൾ", എന്നീ കവിതകളിലും വ്യതിരിക്തലോകങ്ങൾ പിറവിയെടുക്കുന്നു. നല്ല ശയ്യയിൽ സംഭവിച്ച കവിതകളും കൂട്ടത്തിലുണ്ട്. ഉമാ രാജീവന്റെ "കുന്തിപ്പുഴച്ചിരി", ഇ.പി. ജ്യോതിയുടെ 'കനൽ',



ഇടക്കുളങ്ങര ഗോപന്റെ "ബുദ്ധന്റെ ആട്ടിൻകുട്ടി", കൃഷ്ണൻകുട്ടി മടവൂരിന്റെ "സൗഹൃദം" വിഭു പിരപ്പൻകോടിന്റെ 'പിതൃപഞ്ചകം' എന്നിവ ഉദാഹരണമാണ്. മലയാളകാവ്യ ചരിത്രത്തിന്റെ പ്രത്യക്ഷ പരിചരണങ്ങളിലേക്ക് കടന്നുവന്നവയല്ല, ഓരങ്ങളിൽനിന്ന് പിറവിയെടുക്കുന്ന ഈ പ്രമേയ വൈവിധ്യങ്ങളും ആവിഷ്കരണമാനങ്ങളും.

## സർറിയലിസത്തിന്റെ പുതുക്കലുകൾ

ആവിഷ്കരണത്തിൽ ആധുനികതയുടെ ശീലങ്ങളെ സമർത്ഥമായി മുറിച്ചുകടക്കുന്നു ചില കവിതകൾ. നേരെതിരിച്ച്, അതിന്റെതന്നെ തടവിൽപ്പെടുന്നു മറ്റ് ചില കവിതകൾ. എസ്. ജോസഫിന്റെ "നരകത്തിൽ" സമാന്തരകാഴ്ചകളിൽ നിന്നുമാറുമ്പോൾ മാത്രം കാണാവുന്ന നരകത്തെ കാണിച്ചുതരുന്നു. ഭൂമിയിലെ വഴിയാത്രകളിൽ കവി വലിയവരെയും, പരാതികൾ ഇല്ലാത്തവരെയും മാത്രം കണ്ടുമുട്ടുന്നു. ഭൂമിയിൽനിന്ന് ലഭിച്ച കരുതലുകൾ പ്രതിഫലേച്ഛകളില്ലാത്തതാവുന്നു. മറ്റൊരിടത്ത്, മറ്റൊരു കരുതലായി അത് സാക്ഷാത്ക്കരിക്കപ്പെടുന്നു. ഈ സമാന്തരകാഴ്ചയെയും ലംഘിക്കുന്നിടത്താണ് നരകം. തിരികെയെത്താനാവാത്ത നരകത്തിലെ ക്രൂരമായ അനുഭവങ്ങൾക്കിടയിലും 'എവിടെയാണെ'ന്ന ഭൂമിയിലെ ചോദ്യവും, 'ഇല്ലിക്കൂട്ടത്തിൽ പക്ഷികളെ നിരീക്ഷിക്കുന്നു' എന്ന ഭൂമിയിലെതന്നെ ഉത്തരവും ബാക്കിയാവുന്നു. കവിത ഭൂമിയുടെയും നരകത്തിന്റെയും മുഖാമുഖവും, കവിതയുടെതന്നെ സ്ഥായിത്വവും സാധ്യമാക്കുന്നു. ഇങ്ങനെ മണ്ണിനോടും മനുഷ്യരോടും നഗ്നമായി ചേർന്നുനിന്നു തന്നെയാണ്, ആധുനികതയുടെ അമൂർത്തതയെയും വിഭ്രമലോകങ്ങളെയും മലയാള കവിത മറികടന്നത്.

ഡി. അനിൽകുമാറിന്റെ 'കിണറ്റിൻകര'യും ഈ വിഭ്രമലോകത്തെ വ്യത്യസ്തമായി അടയാളപ്പെടുത്തുന്നു. നമുക്ക് കാണാനാവാത്തതും, കാണേണ്ടതില്ലാത്തവരുമായവരുടെ ലോകത്തെ "തെളിഞ്ഞ പാറയിൽ/അള്ളിപ്പിടിച്ചിരിക്കും കരിഞ്ഞണ്ട്/നുള്ളിയിട്ടു കണ്ണാൽ/അവരെ അടയാളപ്പെടുത്തും" എന്നെഴുതുന്നു. "നമ്മുടെ മുറ്റത്ത് തഴച്ച കല്ലോ/നമുക്കൊപ്പം വളർന്ന മുടിയോ" എന്ന് അവരെക്കുറിച്ച് സന്ദേഹമുണ്ടെങ്കിലും, കാഴ്ചയ്ക്കും കേൾവിക്കും അപ്പുറത്ത് അവരുടെ ഉരുമ്മലിനെ അറിഞ്ഞും, കടച്ചിലിനെ അനുഭവിച്ചും കവി നിലകൊള്ളുന്നു. മധുശങ്കറിന്റെ "മരിച്ചുകഴിഞ്ഞിട്ടും നിർത്താതെയൊരാൾ സംസാരിച്ചുകൊണ്ടിരുന്നതിന്റെ പൊരുൾ"

പുതിയ മാനങ്ങളിലേക്ക് പടരുന്നത്, നമ്മുടെ പ്രകരണത്തെയും അനുഭവലോകങ്ങളെയും ചേർത്തുവെച്ചുതന്നെയാണ്.

എന്നാൽ ആധുനികമായ സർറിയലിസ്റ്റ് ചിത്രഭാഷയും ബിംബാവലികളും സംഗീതപശ്ചാത്തലവും എം.സംങിന്റെ 'പ്രേതബാധിതരുടെ ആകാശം' എന്ന കവിതയിലും, ആധുനികം എന്നു കരുതാവുന്ന സ്വത്വപ്രതിസന്ധി രാ.പ്രസാദിന്റെ 'പ്രതി+ബിംബം' എന്ന കവിതയിലും അതേപടി ആഴത്തിലുള്ള അബോധമായി തുടരുന്നു.

## ചില മിസ്റ്റിക്ക് അനുഭവങ്ങൾ

റഫീഖ് അഹമ്മദിന്റെ 'ഉപ്പിലിട്ടത്' "തൊട്ടുകൂട്ടിയിട്ടുണ്ട് ഞാനുമാക്കയ്യിൻ പുണ്യമി-/ത്തിരി; മാഞ്ഞേപോയി നാത്തുമ്പി ലതിൻ പുളി/അവരെക്കുറിച്ചുള്ള ഒറ്റയോർമയെങ്കിലും/ വാക്കിലിട്ടഴുകാതെ വെക്കുവാനായില്ലല്ലോ" എന്ന് ഖേദിക്കുന്നു. ജീവിച്ചിരിക്കുമ്പോൾ അവർക്ക് സ്തുതിയും, ഇത്തിരി നിന്ദാ സ്തുതിയും ലഭിച്ചിട്ടുണ്ടാകാം. അതാണ് ലോകത്തിന്റെ രുചി. കവിതയാവട്ടെ, ഓർമകൾ അഴുകാതെ വാക്കിലിട്ടുവെയ്ക്കുന്ന ഇടമാണ്. വി. എം. ഗിരിജയുടെ 'അനക്കം' അദൃശ്യമായ പിതൃ സാന്നിധ്യത്തിന്റെ ഇരുധ്രുവങ്ങളും, സന്ദേഹങ്ങളും ലോലവും നനുത്തതുമായ ഭാഷയിൽ അവതരിപ്പിക്കുന്നു. "ആർക്കറിയാം പാതിരാവ് വീണ്ടും വീണ്ടും വരുമ്പോൾ/മുല്ലകളിൽ കുഞ്ഞി മൊട്ടും പൂക്കളാവും രഹസ്യം?/പച്ചപ്പുല്ലും മരങ്ങളും മഴ നനയുമ്പോൾ ഇത്രമാത്രം/അഴകിന്റെ തഴപ്പെന്തെന്ന പൊതിയൂ?" എന്ന് കവിത പ്രപഞ്ച വിസ്മയത്തിന്റെ ദുരൂഹതകളിലേക്ക് ഈ അനുഭവത്തെ പടർത്തുന്നു. ശ്രീകുമാരൻ തമ്പിയുടെ "ആശാൻപള്ളി"യിൽ ഗൃഹാതുരമായ ലോലഭാവങ്ങൾക്കപ്പുറത്ത്, ഓർമയും മറവിയും ഒന്നാവുന്ന, വേദനയും സാന്ത്വനവും ഒന്നാവുന്ന, ഇരുളും വെളിച്ചവും ഒന്നാവുന്ന, മനുഷ്യരെല്ലാം കാലങ്ങളായി വിലാപയാത്രയിലെ കണ്ണികളായി മാറുന്ന ഒരനുഭവം മറഞ്ഞിരുപ്പുണ്ട്. ഏഴാച്ചേരി രാമചന്ദ്രന്റെ "നീലത്താമര" "നിത്യകാമുകി നിന്റെ/തിരുനെറ്റിയിൽ ധ്യാന-/മുദ്രകൾ വരച്ചീറൻ/താളവും പൊൻ പേനയും/ മലവേടത്തിപ്പെണ്ണി/ന്നോട്ട് കൈവളയിന്മേൽ/വ്രതഗാന്ധാരം പുൽകും/കാട്ടുതേൻ മണങ്ങളും/മടങ്ങാനൂഴം കാക്കും/സങ്കടാഭരണങ്ങൾ" എന്ന് ഭൗതികവസ്തുക്കളുടെ നശ്വരത്വത്തെ സൂചിപ്പിക്കുന്നു.

മിസ്റ്റിക്ക് എന്നു കരുതാവുന്ന ഒരു സൂക്ഷ്മാനുഭവത്തിന്റെ അവതരണം ഒ.വി.ഉഷയുടെ 'വിസ്മയം' എന്ന കവിതയി



ലുമുണ്ട്. ഭൂമിയിൽനിന്നും, പ്രണയത്തിൽനിന്നും വൈവിധ്യ പൂർണമായി കണ്ടെടുക്കാവുന്ന വിസ്മയലോകങ്ങളെക്കുറിച്ചുള്ള പ്രത്യാശ കൂടിയാണത്. പ്രഭാവർമ്മയുടെ "തിരിച്ചടവ്" എന്ന കവിതയിലും പ്രപഞ്ചവിസ്മയത്തിന്റെയും കാരുണ്യത്തിന്റെയും ലോകം തന്നെ തുറന്നുവരുന്നു. തിരിച്ചടവായി ഒന്നും തിരിച്ചുനൽകാനില്ലാതെ, പ്രകൃതിയോട് എല്ലാ അംശങ്ങളിലും ചേർന്നു നിൽക്കുന്ന തന്റെ ചേതന തന്നെ എടുത്തുകൊള്ളുവാൻ കവി ആവശ്യപ്പെടുന്നു. പ്രകൃതിയുമായി വിലയിക്കാനാവും എന്ന പ്രതീക്ഷ കൂടിയാണത്.

"നിന്റെ മുഖാമുഖമിരുന്നു/നിന്നെ ഞാൻ തിരഞ്ഞിടുന്നു/ നിന്റെ മടിത്തട്ടിലാണുറങ്ങുവാൻ/കിടന്നിടുന്നു" എന്ന് ഗിരീഷ് പുലിയൂർ 'മരണം' എന്ന കവിതയിൽ എഴുതുന്നു. മുനീർ അഗ്ര ഗാമിയുടെ 'ഒരിലയുടെകൂടെ നടക്കണം' വീഴ്ചയുടെ സൂക്ഷ്മ ലോകത്തെതന്നെ പിൻതുടരുന്നു. അനിവാര്യമായ ദശാപരിണാമ ങ്ങളുടെ സമ്യക്കായ മനസ്സിലാക്കൽ കൂടിയാണ് കവിത. നിബുലാൽ വെട്ടൂരിന്റെ "കരിയിലക്കാറ്റു"കളിലും ഇലയുടെ പതനചിത്രവും തുടർസഞ്ചാരവും, കാറ്റിന്റെ തോളിലേറി കൊടുങ്കാറ്റായി നമ്മുടെ ജാലകവാതിൽ തുറന്ന് അകത്തെ ചിക്കിചിക്കിനിറയ്ക്കാം എന്ന പ്രതീക്ഷയുമുണ്ട്. തൻസീം കുറ്റ്യാടിയുടെ "മിന്നൽ കവിതകൾ" "മണ്ണിൽ മരിച്ചുറങ്ങുന്ന/കുഞ്ഞുങ്ങളുടെ പുഞ്ചിരികളാവും/വിണ്ണിൽ നക്ഷത്രവെട്ടങ്ങളായ് മിന്നുന്നത്" എന്നും "മുളപൊട്ടാതെ മണ്ണില മർന്നുപോയ വിത്തുകളിലാവും/ഏറ്റവും പച്ചപ്പുള്ള, കനമുള്ള കാടുകൾ" എന്നും എഴുതുന്നു.

## അദൃശ്യങ്ങൾ, അഭാവങ്ങൾ

അൻവർ അലിയുടെ 'വീട് അലമാര' ഒരു സന്ദർഭത്തിൽ വീടിനകത്തേക്ക് പോയകാലത്തെ കൂട്ടിക്കൊണ്ടുവരുന്നുണ്ട്. ബാപ്പയും ഉമ്മയും സഹോദരിമാരും എല്ലാം അപ്പോൾ അവിടെ യുണ്ട്. അക്കാലത്തെ കവിയുടെ പകൽക്കിനാവുകൾ, കലാലയ പുസ്തക ശേഖരം, സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തനങ്ങൾ എല്ലാം കവിത സൂചിപ്പിക്കുന്നു. രാഷ്ട്രീയ പ്രവർത്തനത്തെത്തുടർന്ന് പോലീസ് സെർച്ചിനു കൊണ്ടുപോയ ആ അലമാരയിൽതന്നെ യാണ് ഒരു ഫുൾറം ഒളിപ്പിച്ചു വെച്ചതും, ഓണാവധിക്കർദ്ധരാത്രിക്ക് മച്ചമ്പിയോടൊത്ത് പതുക്കെപ്പതുക്കെ അകത്താക്കിയതും, ഇപ്പോൾ വീടുഭാഗംവെച്ച് നാലാളും തല്ലിപ്പിരിഞ്ഞ് പലവഴിക്കായി. മുറ്റത്തു നിന്നുനോക്കുമ്പോൾ കവിക്ക് ഇപ്പോൾ ആ അലമാര കശ്മീരു പോലെ തോന്നുന്നു. മനോജ് കുറൂരിന്റെ "പൂട്ട്" ഇങ്ങനെയെഴു

തുന്നു: “തൊട്ടാൽ പൊട്ടുന്ന ചിലതൊക്കെ/രണ്ടു കൈയിലും കാണും/താഴെവെയ്ക്കാൻ മടിക്കും” ഒഴിവാക്കാനാവാത്ത എന്നാൽ ഒഴിവാക്കേണ്ടിവരുന്ന വീടിന്റെ സാമീപ്യത്തക്കുറിച്ചുള്ള ഒരു സന്ദിഗ്ദ്ധസ്ഥാനമാണിത്. ഡോണ മയൂരയുടെ “കണ്ടിട്ടുണ്ടോ നിങ്ങൾ” “ഇല്ലാത്ത അടുപ്പത്ത് തീ കൂട്ടി/ഇല്ലാത്ത കലത്തിൽ വെള്ളം തിളപ്പിച്ച്/ഇല്ലാത്ത അരി കഴുകിയിട്ട്/ഇല്ലാത്ത വേവ് നോക്കി, വാർത്തെടുത്ത് ഇല്ലാത്ത പാത്രത്തിൽ വിളമ്പി/ഇല്ലാത്ത കറിയും കൂട്ടിയുണ്ണുന്നതും” എന്ന് ഇല്ലായ്മയെ നാനാജീവിത വ്യവഹാരങ്ങളിലേക്കും നമ്മുടെതന്നെ അസ്തിത്വത്തിലേക്കും പടർത്തുന്നു.

മുനീർ കെ. ഏഴൂരിന്റെ ‘കളഞ്ഞുപോയ വീടിന്റെ താക്കോൽ’ “എങ്കിലും/ഓരോ വീടും/ഉപേക്ഷിച്ചു പോയവരിലേക്ക്/ മണംപിടിച്ചു പോകാൻ/വെന്തകാലുള്ളാരുനായ’യെ ഉള്ളിൽ പ്പേറുന്നുണ്ട്’ എന്നെഴുതുമ്പോൾ ഭൂതകാലവും വർത്തമാനത്തിന്റെ ആസുരതയും തമ്മിലുള്ള സന്ദിഗ്ദ്ധമായ അഭിമുഖീകരണമുണ്ട്. സന്തോഷ് പല്ലശ്ശനയുടെ ‘ആകാശത്തിനും ഭൂമിക്കുമിടയിൽ ഒരു വീട്’ അദൃശ്യതയെയും അതുമായി ബന്ധപ്പെട്ട സ്വപ്നങ്ങളെയും ഇങ്ങനെ എഴുതി അവസാനിപ്പിക്കുന്നു. “പൊളിച്ചു കളഞ്ഞേക്കാം/പൊയ് കുലച്ചു തൂങ്ങിയ ഈ വീട്.../പക്ഷേ../ ഇല്ലാത്ത വീട് പൊളിച്ചു കളയാനാണ്/വല്ലാത്ത പാട്.” ചായം ധർമരാജന്റെ “അതീവരാവിലെ” ഈ അദൃശ്യതയെ സത്യമോ, സൗന്ദര്യമോ ആയും, പുനഃപ്രകാശനം അസാധ്യമായ കൃതിയായും മാറ്റിയെഴുതുന്നു. ശിവദാസ് പുറമേരിയുടെ “പഴുതുകൾ” എവിടെയാണെന്ന് പറയാനാവാത്ത കാലങ്ങളോളം മറഞ്ഞിരിക്കുന്ന പഴുതുകളെക്കുറിച്ച് പറയുന്നു. രാജൻ കിണറ്റിൻകരയുടെ “വൃദ്ധസദനം” എന്ന കവിതയിലും അഭാവത്തിൽനിന്ന് പിറവിയെടുക്കുന്ന മൂല്യലോകമുണ്ട്. കവിതകളിൽ പൊതുവെ കാണുന്ന ഈ അജ്ഞേയത അവയുടെ വരുകാല സഞ്ചാരങ്ങൾക്കുള്ള ഊർജങ്ങൾ കൂടിയാണ്.

## സദാചാരത്തിന്റെ ഉള്ളുകള്ളികൾ

‘സന്മാർഗധ്വംസകരോട് പൂനിലാവാകാശം ചെയ്തത്’ എന്ന വി.ടി.ജയദേവന്റെ കവിതയിൽ സ്വർഗത്തിനും ഗന്ധർവന്മാർക്കും സന്മാർഗധ്വംസകരെ കാണുമ്പോൾ അവർ മറ്റൊരു ലോകത്തെ ദൈവങ്ങളാണെന്ന് തോന്നുന്നു. അവിടെയാരും മംഗലം കഴിഞ്ഞതിന്റെ മുദ്രകൾ അവരോട് ചോദിക്കുന്നില്ല. നീലിമയിലലിഞ്ഞ് പച്ചപ്പൊൻതളിരായി പുലർകാലഭൂവിൽ പുനർജനി



ക്കുന്ന, മഞ്ഞച്ച ഭൂതകാലത്തെ ആർക്കും കണ്ടെടുക്കാൻ കഴിയാത്ത ലോകമാണത്. സദാചാരക്രമത്തിനപ്പുറമുള്ള ലോകത്തെക്കുറിച്ചുള്ള സ്വപ്നത്തിന്റെ പ്രതീകം കൂടിയാവുന്നു പൂനിലാവാകാശം. സരോജ ജയശങ്കറിന്റെ “വിവാഹിതയെ പ്രണയിക്കുമ്പോൾ” ഇങ്ങനെ അവസാനിക്കുന്നു; “പെട്ടെന്നു പൊട്ടിച്ചാടുന്ന മഴയുടെ ഭംഗി വർണ്ണിക്കുന്ന നിങ്ങളോട്/അഴയിൽ കുതിരുന്ന തുണികളെപ്പറ്റിയാണ്/അവൾ പറയുക!/ അത്രമേൽ അരസികയാവാൻ അവൾക്കേ കഴിയൂ”

## പ്രണയത്തിന്റെ നാനാർത്ഥങ്ങൾ

വി.ജി.തമ്പിയുടെ ‘പ്രണയശേഷം’ ഇങ്ങനെയൊരു ചിത്രത്തെ വരച്ചിടുന്നു. “കടലിൽ മുങ്ങിമരിച്ചവനെ/നീ തീരത്തിലേയ്ക്ക് ക്ഷണിക്കരുതേ/ഒരു തിമിംഗലത്തിന്റെ വയറ്റിൽ എനിക്കൊരു കുഴിമാടമുണ്ട്/നഗരദേവാലയത്തിൽ/തലകീഴായി തൂങ്ങുവാൻ/എനിക്കൊരു കുരിശുണ്ട്/അമ്പുകളുടെ കഴുമരത്തിൽ/ഒരു രക്തശില്പമാകാൻ വരമുണ്ട്.”/പ്രണയശേഷമായ ജീവിതത്തിൽ നിന്നുകൊണ്ടുള്ള പ്രണയ നിരാകരണം കൂടിയാണിത്. റോസി തമ്പിയുടെ ‘ഇണ’ പ്രണയത്തിന്റെ ചരമശയ്യയെ, പിൻനടത്തങ്ങളെ സൂചിപ്പിക്കുന്നു. പിരിയലിന്റെ നാനാവിധമായ സങ്കീർണതകൾക്കിടയിലും, പഴയ പ്രേമത്തിന്റെ ശേഷിപ്പുകളെ ഇല്ലാതാക്കി ഇനിയെന്നെ തിരിച്ചുവിളിക്കാം എന്ന് അത് ഇണയോട് ആവശ്യപ്പെടുന്നു.

“നിഷ്കളങ്കതയേക്കാൾ/കുഞ്ഞായി/സൗമ്യതയേക്കാൾ പൂവായി/എന്റെയുള്ളിലെ കുറ്റിപ്പെൻസിൽ/ നീ ഇളക്കിയെടുക്കുന്നു”/എന്ന് വിജിലയുടെ “തലകുത്തനെ” എഴുതുന്നു. പ്രണയനഷ്ടത്തിൽ തലകുത്തനെ നിന്ന് പൊട്ടിച്ചിരിക്കുന്ന പെൺകുട്ടിയെയും, തലകുത്തനെ നിന്ന് പൊട്ടിപ്പൊട്ടി വിതുമ്പുന്ന കുറ്റിപ്പെൻസിലിനെയും കവിതയുടെ ഒടുക്കം കാണാം.

പ്രദീപ് രാമനാട്ടുകരയുടെ “മരണമെടുക്കുന്ന പ്രണയത്തിന്റെ ഉടൽ” പ്രണയത്തിന്റെ പടിപടിയായ വ്യാകരണവും, അതിന്റെ സൗന്ദര്യത്തെ ചേർത്തുപിടിക്കാമെന്ന പ്രതീക്ഷയും നിലനിർത്തുന്നു. പ്രണയത്തിന്റെ പാരസ്പര്യവും അത് തുറക്കുന്ന ലോകവും കെ.പി.സുധീരയുടെ “നിന്നെ കാണുമ്പോൾ” എന്ന കവിതയിലും കാണാം. നീതു.എൻ.വിയുടെ “ആളൊഴിഞ്ഞ വീട്” പെണ്ണിനെ ആളൊഴിഞ്ഞ വീടായി കൽപ്പിച്ച്, തീവ്രമായ ഏകാന്തതയിക്കിടയിലും അവനോടുള്ള പ്രണയത്തെ നിലനിർത്തുന്നു. പ്രതീക്ഷകളുടെയും തിരിച്ചുനടത്തങ്ങളുടെയും വിപ

രീതങ്ങളെയും, ഒടുക്കം അവയുടെ വിലയത്തെയും രശ്മി നീലാംബരിയുടെ "വേഗം.....സഞ്ചാരം" അവതരിപ്പിക്കുന്നു. സിബി ഇലവുപാലത്തിന്റെ 'ഒറ്റയ്ക്കൊരു കുപ്പിവളപൊട്ടുമ്പോൾ" പ്രണയ സംഘർഷത്തിന്റെ ഭിന്നമാനങ്ങളെ വരച്ചിടുന്നു. അഷ്റഫ് കല്ലോടിന്റെ "ചെരുപ്പ്" "മറ്റാരെയുംപോലെ/ഞാനും/ഓർത്തുപോകും നിന്നെ തൊട്ടടുത്ത കടയിൽ കയറി പുതിയ കൂടുമായ് ഇറങ്ങുന്നത് വരെയും" എന്നെഴുതുന്നു. ഉഷസിന്റെ ബാക്കിയാവുന്നത്' എന്ന കവിതയും ഈ പ്രണയ വിപര്യയത്തെ എഴുതുന്നു. ഷമീന ബീഗത്തിന്റെ "അതിർത്തിയിലെ ബോഗൻ വില്ലകൾ" മതിലുകളെയും മുള്ളുകളെയും. അദൃശ്യമാക്കുന്ന സ്നേഹഭാഷ സൂക്ഷ്മമായി എഴുതുന്നു. ക്ഷേമ കെ. തോമസിന്റെ 'ക്യാമറ'യിൽ യാഥാർത്ഥ്യവും സ്വപ്നവും പ്രണയവും ജീവിതവും രണ്ടായി പിളരുന്നു.

## ചില കാവ്യവിചാരങ്ങൾ

സർഗാത്മകതയെയും കവിതയെയും സംബന്ധിച്ച വൈവിധ്യപൂർണമായ നോട്ടങ്ങൾ സമാഹാരത്തിൽ കാണാം. സോമൻ കടലൂരിന്റെ 'പ്രതിമ' സർഗാത്മകതയ്ക്ക് അപരിചിതമായ ദർശനവും വരുംകാലങ്ങളിൽ സംഭവിക്കാവുന്ന അപായങ്ങളും സൂചിപ്പിക്കുന്നു. ശൈലന്റെ 'വരാഹമിഹിരം' ഭാഷയിലെ കീഴ്മേൽമറച്ചിലുകളും അർത്ഥ സന്ദേഹങ്ങളും, ആവിഷ്കരണ തലത്തിലെ പ്രതിസന്ധികളും സൂചിപ്പിക്കുന്നു. യാഥാർഥ്യത്തിന്റെയും അയഥാർത്ഥതയുടെയും കീഴ്മേൽ മറിച്ചിൽ കൂടിയാണത്. ശ്രീജിത്ത് അരിയല്ലൂരിന്റെ "വിവർത്തനം" അതിരുകളെയും ഭാഷകളെയും ഭേദിച്ച് ഒരാളുടെയെങ്കിലും/മനസ്സിൽ തൊടുന്ന/നെഞ്ചുപിടയുന്ന/ഒരു വാക്കാണ്/കവിതയെന്ന/ബോധം പങ്കുവെയ്ക്കുന്നു. ഇത് പിറവിയെടുക്കുന്നതാവട്ടെ നിമിഷനേരത്ത അപ്രതീക്ഷിതമായ അനുഭവത്തിൽനിന്നും.

മണമ്പൂർ രാജൻബാബുവിന്റെ "കഥ, ജീവിതം" "ഒരു രാജഗുരുവിനു മുന്നിലും/അറുത്തിടാനുള്ളതല്ല/വാക്കുകൾ തൊടുക്കുന്ന ഈ പെരുവിരൽ/ജീവിതത്തിന്റെ ലവണം നഷ്ടപ്പെട്ടവന്/എന്തു ലാവണ്യ ഭാഷ" എന്നിങ്ങനെ കവിതയുടെ പരുക്കൻ ഭാവവും തുറന്നുപറച്ചിലും സ്വാതന്ത്ര്യവുമെല്ലാം കാവ്യാദർശമായി സ്വീകരിക്കുന്നു. സത്യചന്ദ്രൻ പൊയിൽക്കാവിന്റെ "യൂണിവേഴ്സിറ്റിയിൽ കവിത വായിക്കുമ്പോൾ" കവിത കവിയോട് കാണിക്കുന്ന അനുഭാവവും, കവിത വിരിയുന്ന നിമിഷവും തൊട്ടുകാട്ടുന്നു.



ലളിത രാധാകൃഷ്ണന്റെ 'പരിണാമം' ഇങ്ങനെയെഴുതുന്നു. "ആത്മരതി കാഴ്ചയെ/ഇല്ലാതാക്കിയപ്പോഴാണ്/വാക്കും പൊരുളും/തമ്മിലകന്നത്". ടി.പി.രാധാകൃഷ്ണന്റെ "കവിതക്കാട്" "സംവത്സരങ്ങൾ പിന്നിട്ടൊരു/പോള കണ്ണടയ്ക്കാതെ എഴുതിയ കവിതയ്ക്ക്/പേരാണ് കാട്!" എന്ന് കാടുമായി ബന്ധപ്പെട്ട വൈവിധ്യങ്ങളെ കവിതയിലേക്ക് ചേർത്തുവെയ്ക്കുന്നു. സംഗീത ചേനംപുല്ലിയുടെ "കവിതവഴിതിരിയുന്ന ചില വളവുകളിൽ" കവിതയുടെ ആവിഷ്കരണ ശ്രമങ്ങളെയും അതിനുപുറത്തായി പോകുന്ന ലോകത്തെയും, ജീവിതത്തിലേക്ക് ഞെട്ടിയുണരാൻ കവിതയ്ക്ക് കഴിയും എന്ന പ്രതീക്ഷയേയും പങ്കുവെയ്ക്കുന്നു. സബിതയുടെ "മരിച്ച മീനിന്റെ കണ്ണിലെ കടൽ" ആവിഷ്ക്കാരത്തിന്റെ ഭിന്നഭാവങ്ങളും, ഒപ്പം ചൂഷണത്തിന്റെ ഭിന്നമാനങ്ങളും അവതരിപ്പിക്കുന്നു. കൃപ അമ്പാടിയുടെ 'പേറ്' എന്ന കവിതയും സമാനമായ ലോകത്തെ എഴുതുന്നു. മൗലികമാവാനും തന്റെ മാത്രം ലോകത്തിന്റെ സാക്ഷാത്കാരമാവാനും ഓരോ കവിതയും പണിപ്പെടുന്നു. പലതരം വൃത്തികളോട് അത് ചേർത്ത് വെയ്ക്കപ്പെടുന്നു

## വറുതികളും പ്രത്യാശകളും

രാവുണ്ണിയുടെ "പരാജയപ്പെട്ട അച്ഛൻ" ഇങ്ങനെ എഴുതുന്നു. "ചോരയിൽ കുളിച്ചുകിടക്കുന്ന കുഞ്ഞുപെൺതരി/മഴയായ് ആർത്തലക്കുന്നു/കുഞ്ഞുങ്ങളുടെ നിലവിളികൊണ്ട് ഭൂമി ചുട്ടുപൊള്ളുന്നു. തോറ്റ അച്ഛന്മാരുടെയും/തോറ്റഅമ്മമാരുടെയും/വംശഹത്യചെയ്യപ്പെട്ട മനുഷ്യരുടേയും ഇടയിലായിരുന്നു/അയാളുടെ മേൽക്കൂരയില്ലാത്ത വീട്/ഇപ്പോൾ ഭൂമിയിലെ എല്ലാ വീട്ടിലും അയാൾ ഉറക്കമറിയാതെ കിടക്കുന്നു. പവിത്രൻ തീക്കുനിയുടെ "കടൽക്കുരുക്ക്" ജീവിത സന്ദർഭങ്ങളിലെ പരുഷതകളെ തിരിച്ചറിഞ്ഞ്, ഒപ്പം ജീവിച്ചിരിക്കുന്നു എന്നതിന് അർത്ഥം ചമയ്ക്കാവുന്ന നിരർത്ഥകമായ യാത്രകളെയും കാതോർക്കലുകളെയും എഴുതുന്നു. കാലത്തിന്റെ വറുതികളെ, പ്രതീക്ഷാരാഹിത്യത്തെ രാജൻ കൈലാസിന്റെ 'മാവുപൂക്കാത്ത കാലം' അടയാളപ്പെടുത്തുന്നു. നാലപ്പാടംപത്മനാഭന്റെ 'കല്ലുപുഴുങ്ങുന്നൊരമ്മ' വറുതിയുടെ ഭൂതകാലത്തെയും ധാരാളിത്തത്തിന്റെ വർത്തമാനത്തെയും ചേർത്ത് വെയ്ക്കുന്നു.

വറുതികൾക്കിടയിലും പ്രത്യാശകളുണ്ട്. പി.കെ.ഗോപിയുടെ "മഹാപർവ്വതങ്ങളുടെ മനുഷ്യഗായതി" മനുഷ്യനെയും അവന്റെ ജീവിതക്രമീകരണങ്ങളെയും വിമർശനാത്മകമായിക്കണ്ട്,

മനുഷ്യഹൃദയത്തിലേക്ക് നടന്നുവരേണ്ടുന്ന
സമാധാനത്തിന്റെയും മൂല്യബോധത്തെ അനന്യതയുടെയും
"വ്യാധിസ്തുതി"യിലൂടെ ദേശമംഗലം സാക്ഷാത്ക്കരിക്കുന്നു.
കളെയെങ്ങനെയാണിണക്കേണ്ടത് രാമകൃഷ്ണൻ വ്യാധി
ത്വമായ ശൈലിയിൽ എന്നതിനെക്കുറിച്ച് തൻമയ
ണങ്ങുന്ന ആക്ഷേപഹാസ്യ പ്രതിപാദിച്ചിട്ടുണ്ട്, അനുവാചകരോടി
യുടെ "മോചനയാത്ര" മേമ്പൊടി ചേർത്ത്. ശ്രീധരനുണ്ണി
നിന്നുള്ള മോചനത്തെ അടിസ്ഥാന ജീവിതത്തിന്റെ വറുതികളിൽ
വറുതികൾക്കു മേലുള്ള ലക്ഷ്യമാക്കി യാത്രയ്ക്കുള്ള ഊർജവും,
ന്തത്തിലും ദാനമെന്ന വിജയപ്രതീക്ഷയും സംഭരിക്കുന്നു, ദുര
മാംസത്താൽ ആയാലും മഹത്വം ഉയർത്തിപ്പിടിക്കുന്നു, സ്വന്തം
കരുതുന്ന നന്മ പരജീവിയുടെ പട്ടിണി മാറട്ടെ എന്നു
ഗച്ഛാമി" എന്ന ഉയർത്തിപ്പിടിക്കുന്നു, ശുഭ.കെയുടെ "ശുഭം
ഇങ്ങനെയെഴുതുന്നു കവിതയിലൂടെ. സുമേഷ് കൃഷ്ണന്റെ "നടത്തം"
മാനവർ/അഹങ്കാരമഴിച്ചീടി-/ലക "പുറംമൂടുമ്പോഴാണുള്ളാ-/ലന്ധരാകുന്നു
നഗ്നപാദനടത്തിൽ/നഷ്ടമാകില്ല മൊന്നെന്നുറച്ചിടും/
നടന്നീടാ-/നോർക്കും, പദമുറച്ചീടും/ ജീവിതം/ ശ്രദ്ധയോടെ
നേരം/തെളിയും മൂന്നു കാലവും". മണ്ണിൽ കാലൂന്നിടുന്ന
എന്ന കളത്തറഗോപന്റെ 'നാലു മലകൾക്കിടയിൽ'
അതുതേടി പോകുന്നവരുടെ കവിതയിലും വെളിച്ചത്തിന്റേയും
"കാടിനടുത്തുള്ള ചിതറലിന്റെയും സൂചനയുണ്ട്.
(മുല്ലവെളിച്ചം-അക്ബർ). വീട്ടുമുറ്റത്ത്/തിരക്കിട്ട് ഒരു മുല്ല പൂവിട്ടു."
വെയിൽ കുടിച്ച "ഇന്നലെ പെയ്ത മഴയിലാണ്/
മീനിന്റെ മണംപരന്നത്" പുഴയിലെ/മണൽക്കയങ്ങളിൽ നിന്നും/പച്ച
പതിനാറുങ്ങൽ)എന്നീ (മുള്ളുകളോടെന്തു പറയും-അൽത്താഫ്
വെയ്ക്കുന്നു. രചനകളും ഈ പ്രതീക്ഷകളെ പങ്കു

പുതിയ എഴുത്തുകാർക്ക് അവരുടെ ലോകങ്ങളിൽനിന്നു
കൊണ്ടുള്ള കാവ്യഭാഷയും രൂപകങ്ങളും വികസിപ്പിച്ചെടുക്കാനാ
വുന്നത് റജീന റഹ്മാൻ മങ്കടയുടെ 'കറുപ്പും വെളുപ്പും' വെളിവാ
ക്കുന്നു. സുനിൽ മാലൂരിന്റെ 'മൂന്ന് കാർഷിക കവിതകൾ' എന്ന
കവിതയിലെ ഈ വരികളും പ്രതീക്ഷയെയും പ്രതിരോധപ്പടർപ്പു
കളെയും അടയാളപ്പെടുത്തുന്നു. "വളക്കൂറുള്ള മണ്ണിലൊരുമത്ത/
നടുക, മത്തവളരും/ഇടവഴികൾ/പിന്നിട്ട് മത്ത നഗരത്തി
ലെത്തും/നിങ്ങളതിന്റെ ചുവട്ടിൽ മാത്രം/പണിയെടുക്കുക".
"ഒളിച്ചു പോകാതിരിക്കാൻ/നിലവിളിക്കുന്നു/അകത്തെ/അഗാധ
മായ പച്ച" എന്ന് "മാറ്റം" എന്ന കവിതയിൽ ജിനേഷ് കോവിലകം
എഴുതുന്നതും ഇതിനോട് ചേർത്ത് വായിക്കാം. ബി.എസ്.രാജീ



വിന്റെ "കയ്പ്പ്" കയ്പ്പുകൾക്കിടയിലും സങ്കൽപ്പചിത്രത്തിൽ
ചെറുചിരികൾ മാത്രം തെളിയുന്നതിനെ എഴുതുന്നു.

## ഓർമകൾ, ഓർമപ്പെടുത്തലുകൾ

കെ.വി.രാമകൃഷ്ണന്റെ "സുഗതയ്ക്ക് യാത്രാമൊഴി"
"അക്കൊടാവിളക്കിലുമെണ്ണ വറ്റിപ്പോയ്, തിരി/കെട്ടുപോയ്, ഇതാ
കണ്ണിൽ കൂരിരുൾ നിറയുന്നു നോവുകൾക്കഭയമില്ലാതെയാ
വുന്നു; മണ്ണും/വേവുതിന്നുന്നു രാത്രിമഴതൻ കുളിർതേടി", സുഗത
കുമാരിയുടെ കാവ്യലോകത്തേക്കും ജീവിത വഴികളിലേക്കും
തുറക്കുന്ന വാതിലാകുന്നു. കുഴൂർ വിൽസന്റെ "ഒമ്പതിതൾ
വിനായകം" ഡി.വിനയചന്ദ്രനെ ഓർത്തെഴുതിയ കവിതയാണ്.
കവിയുടെ അസാന്നിധ്യത്തിൽ, അദ്ദേഹത്തിന്റെ വാക്കുകൾ
ഏറ്റെടുത്ത് എഴുതിത്തുടങ്ങുമ്പോൾ "സർവ്വ ചരാചരങ്ങളിലും
ജീവൻ തുടിക്കുന്നു" എന്ന് കവി തിരിച്ചറിയുന്നു., എഴുത്ത് കവി
യിൽ ആദ്യം മുതലുള്ള ആവർത്തനമായിത്തീരുന്നു. ആലങ്കോട്
ലീലാകൃഷ്ണന്റെ "യമൻകല്യാൺ" "യമനായിത്തീരുന്നില്ല,
മരണം തോൽപ്പിക്കാത്ത/യമുനാകല്യാണിയായ്/ബാബുരാജൊ
ഴുകുന്നു" എന്നെഴുതുന്നു. ബാബുരാജിന്റെ ഓർമ ഗ്രാമത്തിലെ
പഴയ മ്യൂസിക് ക്ലബിലേക്കും പ്രണയാതുരമായ ഓർമകളിലേക്കും
എല്ലാം കവിയെ എത്തിക്കുന്നു. വിരഹത്തിലും വേദനയിലും
പാട്ട് പതീക്ഷയാകുന്നു. മരണം തോൽപ്പിക്കാത്ത യമുനാകല്യാണി
യായി ബാബുരാജ് മാറുന്നു. ബിന്ദു.വി.എസിന്റെ "മരണാനന്തര
മണങ്ങൾ" എന്ന കവിതയിൽ പ്രതിരോധവും സംഗീതവും
കാലപരിണാമങ്ങളും മാറിമറിയുന്നു.

## പിന്നുര

ഇവിടെ വിവരിച്ച പ്രമേയങ്ങൾക്ക് ഈ സമാഹാരത്തിൽ
കൈവരുന്ന ബഹുസ്വരത പരിഗണിക്കപ്പെടേണ്ടതാണ്. രണ്ടോ
അതിലധികമോ കവികളെ എടുക്കുമ്പോൾ, പരസ്പരവിപരീത
മായ നിലപാടുകളിൽ പല പ്രമേയങ്ങളും അവതരിപ്പിക്ക
പ്പെടുന്നു. ഓരോ കവിയുടെയും ആവിഷ്കരണവൈരുധ്യങ്ങ
ളിലും, ആഴത്തിലുള്ള അബോധങ്ങളിലും ശ്രദ്ധപതിയേണ്ട
തുണ്ട്. മേൽവിവരിച്ച കാവ്യപ്രവണതകൾക്ക് അതത് കവികളുടെ
കാവ്യലോകത്തിലും, മലയാളകാവ്യ ചരിത്രത്തിൽത്തന്നെയും
ഉള്ള തുടർച്ചകളെയും ശ്രദ്ധിക്കാവുന്നതാണ്. ഈ പശ്ചാത്തല
ങ്ങളിൽ, ഈ അവതരണത്തിലേക്ക് കടന്നുവന്ന കവിതകളിൽ
നിന്ന് ഇനിയും ഒരു തെരഞ്ഞെടുപ്പും, അവയെ കേന്ദ്രമാക്കി

താരതമ്യാത്മകവും വിമർശനാത്മകവുമായ വിശകലനവും സാധ്യമാണ്. വിശദമായ വിശകലനം ആവശ്യപ്പെടുന്നവയാണ് അത്തരം കവിതകൾ.

കവിതകളിലേക്ക് കടന്നുവരുന്ന പുത്തൻ പ്രവണതകൾ കാവ്യവിശകലനവഴികളെയും പുതുക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. പ്രമേയം, രൂപം എന്നിങ്ങനെ ദ്വന്ദ്വങ്ങളെ മുൻനിർത്തിയുള്ള വിശകലനങ്ങളിൽനിന്നും, സൗന്ദര്യപരവും സാങ്കേതികവുമായ കേവല വിചാരങ്ങളിൽ നിന്നും, ഭാഷാമാത്രവാദങ്ങളിൽ നിന്നും നമ്മുടെ കാവ്യവിചാരങ്ങൾ പുറത്തുകടക്കേണ്ടതുണ്ട്.

കവിതയ്ക്കു പിറകിലെ ദർശനവും സംസ്കാരപരിസരവും അതിനെ നിർണയിച്ച അധികാര രാഷ്ട്രീയ താൽപ്പര്യങ്ങളുമെല്ലാം പ്രധാനമാണ്. കവിതയെ ഒരു സങ്കീർണ വ്യവഹാരമായി തിരിച്ചറിഞ്ഞ് അതിനെ നിർണയിക്കുന്ന ഘടകങ്ങളായിവേണം മേൽസൂചിപ്പിച്ച ഘടകങ്ങളെ വിലയിരുത്താൻ. ഈ വ്യവഹാര സങ്കീർണതയിൽ തെളിഞ്ഞുകിട്ടുന്നതാണ് കവിതയുടെ പൊരുൾ എന്നു വന്നിരിക്കുന്നു. ഈ വ്യവഹാരസങ്കീർണതകളെ വിവരിക്കാൻ പറ്റുംമട്ടിൽ നമ്മുടെ കാവ്യപഠനങ്ങളെയും അഴിച്ചു പണിയേണ്ടതുണ്ട്. വായനകൾക്കും വിശകലനങ്ങൾക്കും പര്യാപ്തമാവും വിധം ഈ കാവ്യവൈവിധ്യങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന മൈത്രി ബുക്സിനും എഡിറ്റർ ഒ.ബി. ശ്രീദേവിക്കും അഭിനന്ദനങ്ങൾ.

# മുഖക്കുറിപ്പ്

കവിത അതിന്റെ പാരമ്പര്യവഴികളെ നിഷേധിച്ച് വേറിട്ട പാതകളിലൂടെ സഞ്ചരിക്കുകയാണ്. നാട്ടുജീവിതവും കാട്ടുഭാഷയും ജലജീവിതവും ജലഭാഷയും ഇന്ന് കവിതയ്ക്കു വഴിയായിത്തീർന്നിരിക്കുന്നു.

പുറമേ ശാന്തമായൊഴുകുമ്പോഴും ആഴത്തിൽ വേരുപിടിക്കുന്ന സ്വഭാവം ഇക്കാല കവിതയ്ക്കുണ്ട്. കവിതാവഴി അത്രയ്ക്ക് സുഗമമല്ല. കവിതയ്ക്ക് ഒറ്റവായന, ഒറ്റ വ്യാഖ്യാനം സാധ്യമല്ലെന്നു കൂടി നാം അറിയുകയാണ്. ഓരോ വായനക്കാരും തനത് ശബ്ദതാരാവലി തീർത്തുകൊണ്ടാണ് അവരുടെ വായനയെ സർഗാത്മകമാക്കുന്നത്.

കവിതയുടെ ബഹുസ്വരതാ സഞ്ചാരം, അതിനെക്കുറിച്ചുള്ള ഏകശിലാ രൂപങ്ങളായ നിർവചനങ്ങളെ നിരാകരിക്കുന്നു. നിരന്തരം നവീകരിച്ചുകൊണ്ടു മാത്രമേ ഏതൊരു എഴുത്തുകാരനും തന്റെ മററത്തു നിൽക്കുന്ന വായനയെ നേരിടാനാകൂ എന്നും കവിതയ്ക്ക് വന്നിരിക്കുകയാണ്. സർഗാത്മകതയുടെ ലോകമാകവേ ഒരു പുതുകലാപത്തിനിടമൊരുക്കുന്നു. കവിതയെ അതിന്റെ തന്നെ സമഗ്രതയിൽ വായിക്കുക, അറിയുക എന്നൊരു അനിവാര്യത കൂടി പ്രസക്തമാവുകയാണ്.

കവിത കണ്ടെത്തുന്നതിനുള്ള ശ്രമം അതികഠിനം എന്നു വിശേഷിപ്പിക്കുന്നു. നിർത്താതെയുള്ള പാച്ചിലിനിടയിൽ നിറയെ കുടചൂടിയ മരത്തണലിലെത്തിയ പ്രതീതിയാണെനിക്കിപ്പോൾ. കുരീപ്പുഴ, കെ.ജി.എസ്, സച്ചിദാനന്ദൻ, കൽപ്പറ്റ പ്രഭാവർമ്മ, വി.ടി.ജയദേവൻ, ആലങ്കോട്, പി.പി.രാമചന്ദ്രൻ, ശ്രീകുമാരൻ തമ്പി... തുടങ്ങിയവരുടെ പ്രതികരണം നിറവോടെ ഓർക്കുന്നു. ചില പ്രമുഖരുടെ കവിതകൾ കാണാത്തത്, അവർ കവിത തരാത്തതിനാലാണ്. അതിൽ സങ്കടമുണ്ട്. മന:പൂർവം ആരെയും ഒഴിവാക്കിയിട്ടില്ല. ആരാദ്യം എന്നത് വലിയ പ്രശ്നമായിരുന്നു. പല പ്രമുഖരും, (സച്ചിദാനന്ദൻ പുഴങ്കര തുടങ്ങി പല പ്രമുഖ കവികളും) പഠനം അച്ചടിച്ചുകിട്ടിയശേഷം കവിത